# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 20, വ്യാഴം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--332]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 4815 മുതൽ 4934 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 4935 മുതൽ 5048 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 5049 മുതൽ 5139 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 5140 മുതൽ 5146 വരെ |

### പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നീണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടി

4815 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്ന പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടുപോകുന്നതു മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ; വിശദമാക്കുമോ; പ്രസ്തുത ഇനത്തിലുള്ള നഷ്ടപരിഹാരമായി ഈ സർക്കാരിന്റെ കാലത്ത് ഈടാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

### ഏറനാട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികളുടെ പുരോഗതി

4816 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയുടെ പുരോഗതിയും സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

### മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി

4817 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കണ്ണൂർ വിമാനത്താവള റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ പ്രൊജക്ടുകൾ

4818 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ എത്ര പ്രൊജക്ടുകൾ നിലവിലുണ്ട്; പ്രസ്തുത പ്രൊജക്ടുകൾ പലതും പൂർത്തീകരിക്കാത്തത് കാരണം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ നിലവിലുള്ള പ്രൊജക്ടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് താൽക്കാലികമായി അധിക ജീവനക്കാരെ നിയമിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

4819 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ 2021-25 കാലയളവിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇരുപത് ശതമാനം തുക വകയിരുത്തിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇതുവരെ പണി ആരംഭിക്കാത്തവ എത്രയും വേഗം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) മഞ്ചേരി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ; വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ഭരണാനുമതി ലഭിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ

4820 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 20% തുക വകയിരുത്തിയതും പൊതുമരാമത്ത് വകുപ്പിന് നിർവ്വഹണ ചുമതലയുമുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിക്കാത്തതെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കാമോ?

## ഡി.എസ്.ആർ പുതുക്കൽ

4821 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് കരാർ ജോലികളുടെ അടങ്കൽ തുക നിലവിൽ ഏത് വർഷത്തെ ഡി.എസ്.ആർ പ്രകാരമാണ് കണക്കാക്കുന്നത്; എല്ലാ വർഷവും ഇത് പുതുക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ വില കൂടിയിട്ടും ആനുപാതികമായി ഡി.എസ്.ആർ പുതുക്കാത്തത് പ്രവൃത്തികളുടെ ഗുണനിലവാരത്തെ ബാധിക്കാതിരിക്കുന്നതിന് എന്തൊക്കെ മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വിപണി വില അടിസ്ഥാനമാക്കി കെ.എസ്.ആർ നിരക്കിലേക്ക് മാറുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ വ്യക്തമാക്കുമോ; ഈ രീതിയിലേക്ക് മാറുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ടോ?

**<u>വിളക്കുമരം, ജെട്ടിപാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി</u>**

4822 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ച പ്രവൃത്തികളിൽ 1344 നമ്പറിൽപ്പെട്ട വിളക്ക് മരം, ജെട്ടിപാലം എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) 2019 മുതൽ നാളിതുവരെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 20% തുക വകയിരുത്തുകയും ചെയ്ത എല്ലാ പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ട്</u>**

4823 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന് ഏതൊക്കെ ശീർഷകങ്ങളിൽ എത്ര തുക അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പ്ലാൻ ഫണ്ടിൽ നിന്നും എത്ര തുക കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നാളിതുവരെ എത്ര തുക പ്ലാൻ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പ് പൂർണമായി ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് ഏതൊക്കെ ശീർഷകങ്ങളിൽ അധികമായി സാമ്പത്തികസഹായം ലഭ്യമാക്കിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകകൾ</u>**

4824 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ്, കെ.ആർ.എഫ്.ബി., മെയിന്റനൻസ് എന്നീ വിഭാഗങ്ങൾ മുഖേന നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുകകൾ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും, പൂർത്തീകരിക്കാത്തവയുടെ പുരോഗതിയും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഓരോ പ്രവൃത്തിയും തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിലെ മുഴുവൻ പൊതുമരാമത്ത് പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

4825 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ച് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയും എന്നു പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

## പൊതുനിരത്തുകൾ, ജംഗ്ഷനുകൾ, ടൗണുകൾ എന്നിവയുടെ സൗന്ദര്യവൽക്കരണ പ്രവൃത്തികൾ

4826 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുനിരത്തുകൾ, പ്രധാന ജംഗ്ഷനുകൾ, ടൗണുകൾ എന്നിവയുടെ സൗന്ദര്യവൽക്കരണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികളിലേക്ക് പുതിയ ലിസ്റ്റുകൾ തയ്യാറാക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഡി. എസ്. ആർ. വർദ്ധനവ്

4827 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിലെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രാബല്യത്തിൽ വന്നത് എന്നാണ് എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള ഡി.എസ്.ആർ. പരിഷ്കരിക്കാത്തത് കൊണ്ട് കരാറുകാർക്ക് ഉണ്ടാകുന്ന നഷ്ടം മൂലം അവർ പ്രവൃത്തികളിൽ നിന്നും പിന്മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ അടിയന്തരമായി പുതിയ ഡി.എസ്.ആർ. നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>മലയോര ഹൈവേ കാർഷിക മേഖലയിലുണ്ടാക്കുന്ന മാറ്റം</u>

4828 **ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ കാർഷിക മേഖലയിലുണ്ടാക്കുന്ന മാറ്റം പഠന വിധേയമാക്കിയിട്ടുണ്ടോ; മലയോര ജനതയുടെ ജീവിതത്തിൽ പ്രസ്തുത ഹൈവേ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) വിനോദ സഞ്ചാര മേഖലയിൽ മലയോര ഹൈവേ എന്തെങ്കിലും ചലനമുണ്ടാക്കിയതായി പഠനങ്ങളുണ്ടോ; കൃഷിയിടങ്ങൾ, കൃഷിരീതികൾ എന്നിവ പൂർണ്ണമായ അർത്ഥത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതികളുണ്ടോ;

(സി) കാർഷികോത്പാദനത്തെയും വാണിജ്യത്തെയും നിക്ഷേപത്തെയും മലയോര ഹൈവേ സ്വാധീനിക്കുന്നതിന് നിലവിൽ എന്തെല്ലാം സാധ്യതകളാണുള്ളതെന്ന് വിശദമാക്കാമോ;

(ഡി) മലയോര ഹൈവേയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എൻ.ഒ.സി.</u>

4829 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പ്രസ്തുത റോഡിന്റെ അതിർത്തികളിലുള്ള കൈവശഭൂമിയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി. നല്കാത്തതുമൂലം പട്ടയം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട 30.09.2009 ലെ 20541/സി3/2009/പൊ.മ.വ. നമ്പർ സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് വികസനത്തിനാവശ്യമായ സ്ഥലം അളന്ന് രേഖപ്പെടുത്തി ബാക്കി ഭൂമിക്ക് പട്ടയം ലഭ്യമാകുന്ന തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർക്ക് പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ് നവീകരണം</u>

4830 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേ ആയ ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ് നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ അവസാനമായി ബി.എം & ബി.സി പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണെന്ന് വിശദമാക്കാമോ;

(സി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവോ; വിശദമാക്കാമോ?

**<u>പുതുതായി നിർമ്മിച്ച റോഡുകൾ</u>**

4831 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെയും എത്ര കിലോമീറ്റർ റോഡ് പുതുതായി നിർമ്മിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ</u>**

4832 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ എത്ര റോഡുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും, ഓരോ റോഡിന്റെയും നീളം എത്ര കിലോമീറ്ററെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ ബി.എം & ബി.സി രീതിയിൽ പുനരുദ്ധരിച്ച റോഡുകൾ ഏതൊക്കെയെന്ന വിശദമാക്കാമോ; ഇനിയും ബി.എം & ബി.സി രീതിയിൽ പുനരുദ്ധാരണത്തിനുള്ള റോഡുകൾ ഏതൊക്കെയെന്നും അവയുടെ നീളം എത്ര കിലോമീറ്ററെന്നും വ്യക്തമാക്കുമോ?

**<u>പൊതുമരാമത്ത് മൂന്നാർ റോഡ്സ് സബ് ഡിവിഷനു കീഴിലുള്ള റോഡുകൾ</u>**

4833 **ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് (റോഡ്സ്) മൂന്നാർ സബ് ഡിവിഷനു കീഴിലുള്ള റോഡുകളുടെ വിശദാംശം സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പണി പൂർത്തീകരിച്ച റോഡുകളുടെ വിശദാംശങ്ങൾ സെക്ഷൻ ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ?

**<u>വയനാട് മാനന്തവാടിയിൽ കുഞ്ഞോം-കുങ്കിച്ചിറ-വിലങ്ങാട് റോഡ് നിർമ്മാണം</u>**

4834 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മാനന്തവാടിയിൽ കുഞ്ഞോം-കുങ്കിച്ചിറ-വിലങ്ങാട് റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ചുരവും ഹെയർപിൻ വളവുകളും ഇല്ലാത്തതിനാൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പ്രയോജനപ്പെടുന്നതും ഉരുൾപൊട്ടലിൽ നാശനഷ്ടം ഉണ്ടായ വിലങ്ങാട് മേഖലയ്ക്ക് ഗുണകരവുമായ ഈ റോഡ് നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

4835 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) പൊതു മാരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ

4836 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## റോഡുകളുടെ റൂട്ട് വ്യതിയാനം

4837 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്ന തുക്കുപാലം- കട്ടപ്പന, പൂപ്പാറ-കല്ലാർകുട്ടി എന്നീ റോഡുകളുടെ റൂട്ട് വ്യതിയാനം വരുത്തി നാമകരണം ചെയ്യുന്നതിന് കെ.ആർ.എഫ്.ബി. പ്രൊജക്ട് ഡയറക്ടറിൽ നിന്നും പൊതുമരാമത്ത് സെക്രട്ടറിക്ക് കത്ത് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) കെ.ആർ.എഫ്.ബി. പ്രൊജക്ട് ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സെക്രട്ടറിക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ തീരുമാനം ആകാത്തതിനാൽ കിഫ്ബി ഏറ്റെടുത്ത മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളും വൈകുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ബി.എം. & ബി.സി. നിലവാരത്തിൽ റോഡു നിർമ്മാണം

4838 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ ഓരോ നിയമസഭാ മണ്ഡലങ്ങളിലും ബി.എം &ബി.സി നിലവാരത്തിൽ റോഡു നിർമ്മാണത്തിനു അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

## മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡ് നിർമ്മാണപ്രവൃത്തികൾ

4839 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനാഞ്ചിറ - വെള്ളിമാട്ടുകുന്ന് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതിനു തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം

4840 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## പോഞ്ഞാശ്ശേരി-ചിത്രപ്പുഴ റോഡ് നവീകരണം

4841 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പോഞ്ഞാശ്ശേരി-ചിത്രപ്പുഴ റോഡിൽ ചെയിനേജ് 3.80 മുതൽ 8 വരെ വരുന്ന ഭാഗത്തെ ബി.എം.ബി.സി. നിലവാരത്തിലുള്ള റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ജി2/70/2025, കമ്പ്യൂട്ടർ നം.9194859 എന്ന ഗവ.സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് വകുപ്പിലെ ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കുവാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിന്റെ പുരോഗതിവിശദമാക്കാമോ;

(ഇ) സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണം

4842 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഒലിപ്പുഴ റോഡിന്റെ നിർമ്മാണപ്രവൃത്തി അഞ്ച് വർഷത്തോളമായിട്ടും ആരംഭിക്കാത്തതു കൊണ്ട് പൊതുജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; റോഡിന്റെ പ്രവർത്തി ആരംഭിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റോഡ് നിർമ്മാണത്തിനു വേണ്ടി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോ; വിശദമാക്കാമോ; ഇതിനുവേണ്ടി നീക്കിവെച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കേണ്ട സ്വകാര്യ വ്യക്തികളുടെ ഭൂമി എത്ര വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി നഷ്ടപരിഹാരമായി നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## മലയോര പാത നിർമ്മാണം

4843 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയുടെയും വിനോദസഞ്ചാര മേഖലയുടെയും വികസനത്തിൽ നിർണായക പ്രാധാന്യമുള്ള മലയോര പാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഇതര റോഡുകളിൽ നിന്ന് വ്യത്യസ്തമായ രീതിയിലുള്ള രൂപകൽപ്പന മലയോര പാതയുടെ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മലയോര പാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മലയോരപാത സംസ്ഥാനത്തിന്റെ വ്യാവസായിക സാമ്പത്തിക മേഖലകളിൽ

ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിശദമാക്കുമോ?

**സ്റ്റേറ്റ് ഹൈവേ ആയ ചാവക്കാട്-വടക്കാഞ്ചേരി ഗുരുവായൂർ റോഡ് വീതി കൂട്ടൽ**

4844 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ ആയ ചാവക്കാട്-വടക്കാഞ്ചേരി റോഡിൽ ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ചാട്ടുകുളം മുതൽ ചാവക്കാട് വരെയുള്ള ഭാഗം വീതി കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ റോഡ് നാഷണൽ ഹൈവേ 66-ലേക്ക് ബന്ധപ്പെടുന്ന പ്രധാന സ്റ്റേറ്റ് ഹൈവേ ആയതിനാൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ പ്രയോജനപ്പെടുത്തി പ്രസ്തുത റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**അമ്പായത്തോട് ഈരൂട് കോടഞ്ചേരി റോഡ്**

4845 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കൊടുവള്ളി മണ്ഡലത്തെ തമ്മിൽ ബന്ധിപ്പിക്കുന്ന അമ്പായത്തോട് -ഈരൂട്-കോടഞ്ചേരി റോഡും ഈരൂട് പാലവും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മണലൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

4846 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക അനുവദിച്ചിട്ടുള്ള മണലൂർ മണ്ഡലത്തിലെ അന്നക്കര-കൊക്കുർ റോഡിന്റെ നവീകരണ പ്രവൃത്തിയിൽ മറ്റം-വാക എന്നീ ഭാഗത്തിനുശേഷമുള്ള എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളുടെ പരിധിയിലുള്ള റോഡിന്റെ നവീകരണത്തിനാവശ്യമായ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി സംബന്ധിച്ച സി.ഇ. ഓഫീസിലെ ഫയൽ നമ്പർ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതിക്കായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മുണ്ടൂർ – നൂന പാതയുടെ നിർമ്മാണം**

4847 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കെ.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മുണ്ടൂർ - തൂത പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

4848 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ പണിപൂർത്തിയായ തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡിന് ഫണ്ടില്ല എന്ന കാരണത്താൽ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള അപ്രോച്ച് റോഡ് ബി.എം & ബി.സി ചെയ്താൽ മാത്രമേ പൂർണ്ണമായും ഗതാഗതയോഗ്യമാക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ എന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണപ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

4849 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ മാസ്തമാരി - കുരുഡപടവ് റോഡ് പ്രവൃത്തി

4850 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മാസ്തമാരി-കുരുഡപടവ് റോഡിന്റെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് സർക്കാറിൽ സമർപ്പിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ റോഡുകൾ

4851 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ഇനിയും ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താനായി

അവശേഷിക്കുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ 2021-22 മുതൽ അനുവദിച്ച റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

**<u>കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാന പാത നവീകരിക്കാൻ നടപടി</u>**

4852 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാഞ്ഞങ്ങാട് സംസ്ഥാനപാത അത്യാധുനിക രീതിയിൽ നവീകരിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ടി.പി. ഏറ്റെടുത്ത ഈ റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോൾ മുതലാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് വേണ്ടി വെട്ടി മാറ്റിയ മരങ്ങൾക്ക് പകരം തണൽ മരങ്ങൾ വച്ചുപിടിപ്പിച്ചും വഴിവിളക്കുകൾ സ്ഥാപിച്ചും മനോഹരമാക്കുമെന്ന് കെ.എസ്. ടി.പി. അധികാരികൾ വാഗ്ദാനം നൽകിയിരുന്നോ എന്നും എങ്കിൽ പ്രസ്തുത വാഗ്ദാനങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) കാഞ്ഞങ്ങാട് നിന്ന് കാസർഗോഡേക്ക് സഞ്ചരിച്ച് ഈ സംസ്ഥാന പാതയിൽ ചെറുതും വലുതുമായ 339 കുഴികൾ ഉണ്ടെന്ന് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ ജഡ്ജിക്ക് ഹോസ്ദുർഗ് ബാറിലെ ഒരു അഭിഭാഷകൻ പരാതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതിയിൽ പറയുന്ന 339 കുഴികൾ വാസ്തവം ആണോ എന്ന് വ്യക്തമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിൽ ആദിക്കാട്ടുകുളങ്ങര -കുടശ്ശനാട് റോഡ് പുനരുദ്ധാരണം</u>**

4853 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആദിക്കാട്ടുകുളങ്ങര -കുടശ്ശനാട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കപ്പെട്ടുവെങ്കിലും നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>റോഡ് പുറമ്പോക്കുകൾ കയ്യേറുന്നത് തടയാൻ നടപടി</u>**

4854 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി റോഡ് പുറമ്പോക്കുകൾ കയ്യേറുന്നത് ഗൗരവത്തോടെ ഞന്നുണ്ടോ;വ്യക്തമാക്കാമോ; എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം തകർന്ന പി.ഡബ്ല്യു.ഡി റോഡുകളുടെ അറ്റകുറ്റപണി

4855 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം തകർന്ന പി.ഡബ്ല്യു.ഡി റോഡുകൾ അടിയന്തരമായി അറ്റകുറ്റപണി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം റോഡുകളാണ് ഇത്തരത്തിൽ അറ്റകുറ്റപണി നടത്തേണ്ടതെന്നും അതിനാവശ്യമായ തുക എത്രയാണെന്നും അറിയിക്കാമോ?

## മിച്ചൽ ജംഗ്ഷൻ നവീകരണ പദ്ധതി

4856 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷൻ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് നിരത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വടകര വില്ല്യാപ്പള്ളി ചേലക്കാട് (കെ.ആർ.എഫ്.ബി) റോഡ് കൈയ്യേറ്റം

4857 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി, നാദാപുരം ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ റോഡ് കൈയേറ്റങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്ന ജോലി നിലവിൽ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം അതിരുകളിൽ കല്ലുകൾ സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) വടകര വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ 12 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ആകെ നീളം വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി, നാദാപുരം പഞ്ചായത്തുകൾ വേർതിരിച്ച് വ്യക്തമാക്കാമോ?

## ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ

4858 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കാലിക്കറ്റ് എയർപോർട്ടിലേക്കുള്ള പ്രധാന റോഡുകളായ പള്ളിക്കൽ ആൽപ്പറമ്പ് എയർപോർട്ട് റോഡും പള്ളിക്കൽ ബസാർ കുന്നുൾമാട് എയർപോർട്ട് റോഡും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് തല ശിപാർശ ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## നഗരപാത വികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത ഭൂമി

4859 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപാത വികസന പദ്ധതിയുടെ ഭാഗമായി പനാത്ത് താഴം- സരോവരം ഫ്ലൈഓവർ, മാനാഞ്ചിറ പാവങ്ങാട് റോഡ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും കണ്ടിജന്റ് ചാർജ്ജ് അടവാക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതിയുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ

4860 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റോഡുകളുണ്ടെന്നും ഓരോ റോഡിന്റെയും പേര്, നീളം, ചെയിനേജ് എന്നീ വിശദാംശങ്ങളും തരം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഏതെല്ലാം റോഡുകളാണ് ബി.എം & ബി.സി നിലവാരത്തിൽ ഉള്ളതെന്നും അറിയിക്കാമോ;

(സി) മലമ്പുഴ മണ്ഡലത്തിൽ ആകെയുള്ള പൊതുമരാമത്ത് റോഡുകളുടെ നീളവും അതിൽ ബി.എം & ബി.സി നിലവാരത്തിൽ ഉള്ള റോഡുകളുടെ നീളവും തരം തിരിച്ച് അറിയിക്കാമോ?

## സംസ്ഥാനത്ത് റോഡു നിർമ്മാണത്തിലെ അപാകതകൾ

4861 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി അപകടമുണ്ടാകുന്ന റോഡ് വളവുകളിൽ ബാങ്കിങ് അടക്കമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ;

(ബി) റോഡ് വളവുകളുടെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## റോഡുകളുടെ നിർമ്മാണത്തിലെ അപാകത

4862 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ ടാർ ചെയ്ത റോഡിന്റെ സൈഡ് മണ്ണിട്ട് നിറയ്ക്കുകയോ കോൺക്രീറ്റ് നടത്തുകയോ ചെയ്യാതെ പണി അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സൈഡ് ഫില്ലിംഗ് വർക്ക് ഉൾപ്പെടുത്താതെ റോഡ് പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമൂലം റോഡ് അപകടങ്ങൾ വർദ്ധിക്കുകയും വേഗത്തിൽ റോഡ് നശിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഇ) കേബിളുകളും പൈപ്പ്ലൈനുകളും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുകയും എന്നാൽ അവ മൂടാതിരിക്കുകയോ ഭാഗികമായി മാത്രം മൂടുകയോ ചെയ്യുന്നത് നിരീക്ഷിക്കാനും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാകുമോ; വ്യക്തമാക്കാമോ;

(എഫ്) പൈപ്പ് ലൈനും കേബിളും സ്ഥാപിച്ച ശേഷം ഈ ആവശ്യത്തിലേയ്ക്കായി പൊളിച്ച റോഡിന്റെ ഭാഗം റീ ടാറിംഗ് നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; റോഡിലൂടെ പൈപ്പ് ലൈനും കേബിളും സ്ഥാപിക്കുന്നതിനായി കുഴി എടുക്കുമ്പോൾ പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## പാലക്കോട്- എട്ടിക്കുളം ഹൈസ്കൂൾ റോഡ്

4863 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട്- എട്ടിക്കുളം ഹൈസ്കൂൾ റോഡ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് പൊതുമരാമത്ത് റോഡ് വിഭാഗത്തെ നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പ്രവൃത്തിയുടെ ടെണ്ടർ പൂർത്തീകരിച്ച് എപ്പോൾ പദ്ധതി തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## റോഡു നിർമ്മാണ അപാകതകൾ പരിഹരിക്കാൻ നടപടി

4864 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി റോഡപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഈ സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കൊടുംവളവുകൾ നേരെയാക്കുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ റോഡുകളുടെ വിവരങ്ങൾ</u>

4865 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ബി.എം.ബി.സി., 40 എം.എം., എം.എസ്.എസ്. എന്നീ നിലവാരങ്ങളിലേക്ക് ഉയരാൻ ബാക്കിയുള്ളതെന്ന് റോഡുകളുടെ പേരും നീളവും സഹിതം വിശദമാക്കാമോ;

(ബി) നിലവിൽ ബി.എം.ബി.സി., 40 എം.എം., എം.എസ്.എസ്. പ്രവൃത്തികൾ നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ളതും എന്നാൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതുമായ റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രത്യേകം അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാകുമെന്നും അറിയിക്കാമോ?

## <u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്</u>

4866 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും ഭൂമി വിട്ടു നൽകുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ഭൂമി വിട്ടു നൽകുന്നവരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ബി) ഭൂമി വിട്ടു നൽകുന്നവർക്കുള്ള നഷ്ടപരിഹാരം എന്നു മുതൽ കൊടുക്കാനാകുമെന്നും എത്ര നാൾ കൊണ്ട് കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം</u>

4867 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വെട്ടിച്ചിറ-ചേലക്കുത്ത്-രണ്ടത്താണി റോഡ്, കഞ്ഞിപ്പുര-കാടാമ്പുഴ-വട്ടപ്പറമ്പ് റോഡ്, കഞ്ഞിപ്പുര-കുട്ടാർമഠം -പള്ളിക്കണ്ടം റോഡ് എന്നിവയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ (സി. എം. ഒ. പോർട്ടൽ-ജി13241000694) പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ ചീഫ് എഞ്ചിനീയർ

(പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ദേശീയ പാത

4868 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ 10, 11 വാർഡുകളിലൂടെ (കോഴിച്ചെന, കണ്ടംചിറ) കടന്നുപോകുന്ന ദേശീയ പാത ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഭൂമിയായതിനാൽ ദേശീയപാത കരാറുകാരന് സൗജന്യമായി ഈ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് ദേശീയപാത വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന ജില്ലാ കളക്ടർ സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് തെന്നല പഞ്ചായത്ത് ഭരണസമിതിയുടെ ഐക്യകണ്ഠേനയുള്ള ബോർഡ് തീരുമാനം ഉള്ളടക്കം ചെയ്ത് മണ്ഡലം എം.എൽ.എ. നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) റോഡ് സൗജന്യമായി നിർമ്മിക്കുന്നതിന് ദേശീയപാത നിർമ്മാണത്തിന്റെ കരാറുകാരൻ തയ്യാറായതിനാലും സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലും ഈ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതി സമയബന്ധിതമായി നൽകുമോ; വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ റോഡുകളുടെ ദൈർഘ്യം

4869 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ആകെ ദൈർഘ്യം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് റോഡുകളുടെ പേരുകളും അവയുടെ ദൈർഘ്യവും പ്രത്യേകം തരംതിരിച്ച് ലഭ്യമാക്കാമോ?

## നിർമ്മാണം നിലച്ചുപോയ സർക്കാർ വക കെട്ടിടങ്ങൾ

4870 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തതോ നിർമ്മാണം പകുതി വഴിയിൽ

ഉപേക്ഷിച്ചതോ ആയ കെട്ടിടങ്ങൾ ഏതെല്ലാമാണെന്നുള്ള വിവരം ജില്ല തിരിച്ച് പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിർമ്മാണം നിലച്ചുപോയതോ നിർമ്മാണം പകുതിവഴിയിൽ ഉപേക്ഷിച്ചതോ ആയ സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രത്യേകം നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാഞ്ഞിരപ്പള്ളി റ്റി. ബി. പുതിയ കെട്ടിടത്തിനുള്ള നടപടികൾ

4871 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി റ്റി. ബി.യുടെ പുതിയ കെട്ടിടത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പുതിയ കെട്ടിടത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

## തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം

4872 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ, തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷനിൽ ഒരു നില കൂടി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ;

(ബി) ഒരു മീറ്റിംഗ് ചേരുന്നതിന് ആവശ്യമായ ഹാൾ ഇല്ലാത്തത് മൂലം ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഔദ്യോഗിക യോഗങ്ങൾ പോലും മറ്റു സ്ഥലങ്ങളിൽ വെച്ച് നടത്തേണ്ട അവസ്ഥ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

4873 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ സർക്കാർ എൽ.പി.എസ്. കോട്ടക്കൽ, കുറ്റിപ്പുറം പഞ്ചായത്തിലെ ജി.എൽ.പി.എസ്. കുളക്കാട് എന്നീ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി നിർമ്മാണപ്രവൃത്തി ആരംഭിക്കാനുള്ള തടസ്സം

4874 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച ആറു കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന പുതിയ മന്ദിരനിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാൻ ഇനിയും പൂർത്തീകരിക്കാൻ ഉള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## റസ്റ്റ് ഹൗസുകളുടെ നിർമ്മാണവും നവീകരണവും

4875 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 നവംബർ 1-ന് ശേഷം 2025 മാർച്ച് വരെ റസ്റ്റ് ഹൗസ് ബുക്കിംഗ് വഴി ലഭ്യമായ വരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതുതായി നിർമ്മാണം പൂർത്തിയാക്കിയ റസ്റ്റ് ഹൗസുകൾ ഏതൊക്കെയാണ്; നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റസ്റ്റ് ഹൗസുകളുണ്ടോ; എങ്കിൽ അവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## തിരൂരങ്ങാടി റസ്റ്റ് ഹൗസ് നവീകരണം

4876 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തിരൂരങ്ങാടി റസ്റ്റ് ഹൗസ് നവീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഈ ആവശ്യം ഉന്നയിച്ച് നൽകിയ പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ ?

## വർക്കല റെസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടനിർമ്മാണം

4877 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; ആയതിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസ് ഏതു തീയതിയിൽ പ്രവർത്തന സജ്ജമാക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള ഫണ്ട്

4878 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള അടിയന്തര സഹായം വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 23.02.2024 ലെ സ.ഉ.(സാധാ) 1492/ജി ഇ ഡി എൻ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന്ന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിരുന്നുവോ; എങ്കിൽ ഇവയുടെ സാങ്കേതിക അനുമതിയുടെയും, ടെൻഡറുകളുടെയും നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ടി ഉത്തരവിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ 8 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 4202-01-202-79 (P) എന്ന ശീർഷകത്തിൽ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടും ശീർഷകം മാപ് ചെയ്യാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ മലപ്പുറം കാര്യാലയത്തിൽ നിന്നും ചീഫ് എൻജിനീയർ ഓഫീസിലേക്ക് അറിയിപ്പ് നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അടിയന്തരമായി ചെയ്യേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും വേഗത്തിൽ പൂർത്തിയാക്കുമോ?

## പൊന്നറ ശ്രീധർ സ്മാരക ടൗൺഹാൾ നിർമ്മാണം

4879 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപ്പഞ്ചായത്തിലെ പൊന്നറ ശ്രീധർ സ്മാരക ടൗൺഹാൾ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നു പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാല നിർമ്മാണം

4880 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് റെയിൽവേ മേൽപ്പാലം, മാമ്പറകുന്നേൽ റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ മൂലക്കീൽ കടവ് പാലം

4881 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി- പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കേരള റോഡ്സ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതുമായ മൂലക്കീൽ കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ ധനകാര്യാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ മണിക്കിണർ പാലത്തിന്റെ നിർമ്മാണം

4882 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അതിന്റെ അവസാന ഘട്ടത്തിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ രൂപരേഖ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിൽ ആയ സാഹചര്യത്തിൽ പാലം നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പെരുമ്പ പുതിയ പാലം നിർമ്മാണം

4883 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയെയും കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പെരുമ്പ പുതിയ പാലം നിർമ്മാണം എന്ന പദ്ധതി പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി

4884 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന വെമ്പള്ളി-കല്ലാലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി കോട്ടയം ബ്രിഡ്ജസ് ഡിവിഷൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## റെയിൽവേ മേൽപ്പാലങ്ങൾ

4885 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് കോടതികളിൽ കേസുകൾ നിലവിലുള്ളവ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

## അരൂർ അഞ്ചുതുരുത്ത് പാലം നിർമ്മാണം

4886 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അഞ്ചുതുരുത്ത് പാലം നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മോതിരക്കടവ് പാലത്തിന് അനുമതി

4887 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ മോതിരക്കടവ് പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനായി നബാർഡ് ഫണ്ട് അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കുറ്റില്ലം പാലം നിർമ്മാണം

4888 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലുള്ള വർഷങ്ങളുടെ കാലതാമസം നേരിടുന്ന കുറ്റില്ലം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം

സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**റസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ**

4889 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റസ്റ്റ് ഹൗസുകൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഓരോ ജില്ലയിലും പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ കൈകാര്യം ചെയ്യുന്ന പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥരുടെയും കെയർടേക്കർമാരുടെയും പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പറും ഇ-മെയിൽ ഐഡിയും ലഭ്യമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 14 ജില്ലകളിലുള്ള ബിൽഡിംഗ്സ് വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെയും അസിസ്റ്റന്റ് എൻജിനീയർമാരുടെയും പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പറും ഇ-മെയിൽ ഐഡിയും ലഭ്യമാക്കാമോ?

**പൊതുമരാമത്ത് ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ ഗ്രേഡ് പ്രമോഷനുകൾ**

4890 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ ഗ്രേഡ് പ്രമോഷനുകൾ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ട് എഞ്ചിനീയർ വരെയുള്ളവരുടെ ഗ്രേഡ് പ്രമോഷനുകൾ എത്രകാലങ്ങളായി പെൻഡിംഗിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേഡ് പ്രമോഷൻ നൽകാത്തവർക്ക് കരിയർ അഡ്വാൻസ്, റേഷ്യോ പ്രമോഷനുകൾ എന്നിവ നൽകുന്നുണ്ടോ; എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിങ് എഞ്ചിനീയർ വരെയുള്ള ഓരോ തസ്തികയിലും എത്ര വർഷം സർവീസ് ഉള്ളവർക്ക് പ്രസ്തുത പ്രമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കോങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ**

4891 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുകയും അവയുടെ പുരോഗതിയും തരം തിരിച്ച് വിശദമാക്കാമോ?

**തീരദേശ ഹൈവേ-ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ സാധ്യതകൾ**

4892 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**

**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും കാസർഗോഡ് ജില്ലയിലെ തലപ്പാടി വരെ തീരദേശ ഹൈവേ കടന്നു പോകുന്ന ഭാഗങ്ങളിൽ വികസിപ്പിക്കാൻ കഴിയാവുന്ന സ്ഥാപനങ്ങളേയും മേഖലകളെയും പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിൽ തീരദേശ ഹൈവേയുടെ പൂർത്തീകരണം എന്തെല്ലാം സാധ്യതകളാണ് മുന്നോട്ടു വയ്ക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) വ്യവസായ മേഖലയിലെ കൊമേഴ്സ്യൽ ക്ലബുകൾക്കുള്ള സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) മറൈൻ ട്രേഡ് സോണുകൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## മലയോര ഹൈവേയുടെ തിരുവനന്തപുരം ജില്ലയിലെ നിർമ്മാണ പുരോഗതി

4893 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന മലയോര ഹൈവേയുടെ തിരുവനന്തപുരം ജില്ലയിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇനി എത്ര കിലോമീറ്റർ ദൂരമാണ് ജില്ലയിൽ പൂർത്തീകരിക്കാനുള്ളതെന്ന വിവരം അറിയിക്കുമോ?

## തീരദേശ ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ

4894 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന സ്ഥലത്ത് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇല്ലാത്തതും എന്നാൽ വർഷങ്ങളായി അതേ സ്ഥലത്ത് താമസിക്കുന്നവരുമായ ആളുകൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വിശദാംശവും ഉടമകൾക്ക് ലഭ്യമാക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശവും ജില്ല തിരിച്ചു വ്യക്തമാക്കുമോ?

## ഡിസൈൻ പോളിസി

4895 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങളാണ് ഡിസൈൻ പോളിസി കൊണ്ടുവന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിലൂടെ നിർമ്മാണ പ്രവർത്തനത്തിൽ ചെലവ് ചുരുക്കാനും ഗുണമേന്മ വർദ്ധിപ്പിക്കാനും കഴിഞ്ഞത് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണ മേഖലയിൽ ഡിസൈൻ പോളിസി നടപ്പാക്കിയതിന് ശേഷമുണ്ടായിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ വ്യക്തമാക്കാമോ;

(ഡി) പാലങ്ങളുടെ കാര്യത്തിൽ വിലയിരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഇ) റോഡുകൾ സ്മാർട്ട് റോഡുകളാക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഡിസൈൻ പോളിസി എങ്ങനെയാണ് സഹായകമായത്; വിശദമാക്കാമോ?

## മരാമത്ത് പണികളുടെ ഗുണനിലവാരം

4896 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മരാമത്ത് പണികൾ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മരാമത്ത് പണികളുടെ ഗുണനിലവാര പരിശോധന കർശനമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## നാഷണൽ ഹൈവേ 185-ന്റെ വികസന പ്രവർത്തനം

4897 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 185-ന്റെ (അടിമാലി - കുമളി) വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള വികസന പ്രവർത്തനമാണ് നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് എങ്ങനെയെന്ന് വ്യക്തമാക്കാമോ?

## പുതിയ ദേശീയ പാതകൾ

4898 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയായി പ്രഖ്യാപിക്കുന്നതിനുള്ള റോഡുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തു ദേശീയ പാതയായി പ്രഖ്യാപിച്ച റോഡുകൾ ഏതൊക്കെയാണെന്നും അതിനായി നൽകിയ

ശിപാർശയിൽ ഉൾപ്പെട്ട റോഡുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ 26.10.2010-ലെ യോഗത്തിൽ ദേശീയ പാതയായി പ്രഖ്യാപിക്കുന്നതിന് ശിപാർശ തയാറാക്കി നൽകിയ കൊടുങ്ങല്ലൂർ-ഗൂഡല്ലൂർ റോഡ് (181 കി.മീ.)ന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

## ദേശീയപാത തലപ്പാടി ചെങ്കള ആറുവരി പാത നിർമ്മാണം

4899 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത തലപ്പാടി-ചെങ്കള ആറുവരി പാതയിൽ വിവിധ ഇടങ്ങളിലെ അശാസ്ത്രീയ നിർമ്മാണം നിരവധി അപകടമരണങ്ങൾക്ക് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി തുടങ്ങിയത് മുതൽ നാളിതുവരെ എത്ര മനുഷ്യ ജീവനുകൾ പൊലിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അധികൃതരുടെ അനാസ്ഥയും നിർമ്മാണത്തിലെ അശാസ്ത്രീയതയും ആണോ പ്രസ്തുത മരണങ്ങൾക്ക് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) സർവീസ് റോഡുകളുടെ പണി പൂർത്തിയാക്കാതെ ദേശീയപാതയിലെ നിർമ്മാണം പൂർത്തീകരിക്കാൻ വർദ്ധിത ശ്രമം നടക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർവീസ് റോഡുകളുടെ നിർമ്മാണം ആദ്യം പൂർത്തീകരിച്ചിരുന്നുവെങ്കിൽ ജനങ്ങളുടെ ദുരിതം ഗണ്യമായി കുറയ്ക്കാൻ പറ്റുമായിരുന്നോ; വ്യക്തമാക്കാമോ?

## കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ നിർമ്മാണ പുരോഗതി

4900 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ധനുഷ്കോടി (ദേശീയ പാത-85) ദേശീയ പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പാതയുടെ നേര്യമംഗലം മുതൽ വാളറ വരെയുള്ള ഭാഗത്ത് ഏത് തരത്തിലുള്ള നിർമ്മാണം നടത്തുന്നതിനാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നേര്യമംഗലം മുതൽ വാളറ വരെയുള്ള ഭാഗത്തെ എത്ര മരങ്ങൾ മുറിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഈ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## ഡി.എസ്.ആർ. നിരക്ക്

4901 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഡി.എസ്.ആർ. നിരക്ക് വർദ്ധനവ് പരിഗണിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി

4902 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിൽ വയോജന പാർക്ക് സ്ഥാപിക്കുന്നതിനും ടേക് എ ബ്രേക് പദ്ധതിക്കുമായി പി.ഡബ്ല്യു.ഡി പുറമ്പോക്ക് ഭൂമി നിബന്ധനകൾക്ക് വിധേയമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണു തടസ്സമെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് കാട് പിടിച്ച് നശിക്കുന്നതും കയ്യേറ്റങ്ങളിൽപെട്ട് കിടക്കുന്നതുമായ ഇത്തരം പുറമ്പോക്ക് ഭൂമികൾ പ്രാദേശിക ഭരണകൂടങ്ങൾക്ക് വിവിധ പദ്ധതികൾക്കുവേണ്ടി നിബന്ധനകൾക്ക് വിധേയമായി വിട്ടു നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പൊതു വ്യായാമ കേന്ദ്രത്തിനും വയോജന സിറ്റിങ് ഏരിയ പോലുള്ള ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പിലാക്കുന്നതിന് ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമികൾ അനുവദിച്ച് നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; ഇങ്ങനെ അനുവദിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുമോ?

## വടകര റസ്റ്റ് ഹൗസ്

4903 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര റസ്റ്റ് ഹൗസിൽ ആകെ എത്ര മുറികളാണ് നിലവിലുള്ളതെന്ന് എ.സി, നോൺ എ.സി., വി.ഐ. പി, സ്യൂട്ട് എന്നിങ്ങനെ തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) എത്ര മുറികളാണ് ഇപ്പോൾ ഉപയോഗയോഗ്യമായിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണമാണ് പൊതു ബുക്കിങ്ങിനായി ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) വടകര റസ്റ്റ് ഹൗസിൽ കിച്ചൺ/ക്യാന്റീൻ പ്രവർത്തിക്കാത്തത് മൂലം സന്ദർശകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ക്യാന്റീൻ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൗൺ എന്ന നിലയിൽ വടകര ടൗണിലെ റസ്റ്റ് ഹൗസ് കെട്ടിടത്തിലെ അറ്റകുറ്റപ്പണികൾ

നടത്തി പരമാവധി റൂമുകൾ ഉപയോഗത്തിനായി തുറന്നു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ വിശദാംശങ്ങൾ</u>**

4904 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ നിന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 5 കോടി രൂപ ചെലവിൽ പൊൻമുടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ റസ്റ്റ് ഹൗസിന്റെ പുരോഗതി അറിയിക്കാമോ;

(സി) എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത റസ്റ്റ് ഹൗസിൽ വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ?

**<u>പരമ്പരാഗത വൈജ്ഞാനിക മേഖലകൾ ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ നടപടി</u>**

4905 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വൈജ്ഞാനിക മേഖലകൾ ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും വിധം കേരളത്തിൽ ടൂറിസം പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെടുത്തി നിലവിൽ വികസിപ്പിച്ചിട്ടുള്ള മേഖലകളും കേന്ദ്രങ്ങളും ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ആയോധനകലകളെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ;

(ഡി) ഡിജിറ്റൽ/ഓൺലൈൻ മാർക്കറ്റുകൾ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) വൈജ്ഞാനിക മേഖലയിൽ പുതിയ ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

**<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>**

4906 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>പാലക്കാട് ജില്ലയിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി</u>

4907 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>കക്കാടംപൊയിൽ ടൂറിസം വില്ലേജ്</u>

4908 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി കക്കാടംപൊയിൽ ടൂറിസം വില്ലേജ് പ്രൊജക്ട് നടപ്പിലാക്കുന്നതിന് അപേക്ഷ സമർപ്പിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>കല്ലറ അരുവിപ്പുറം ടൂറിസം പദ്ധതി</u>

4909 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ അരുവിപ്പുറം ടൂറിസം പദ്ധതിയുടെ തൽസ്ഥിതി അറിയിക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ടൂറിസം പദ്ധതിയിൽ വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ?

## <u>അഡ്വഞ്ചർ ടൂറിസം</u>

4910 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ</u>

4911 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കഴിഞ്ഞ നാല് വർഷമായി പുതിയ സ്പോട്ടുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടൂറിസ്റ്റ് സ്പോട്ടുകളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കാമോ?

## ശോചനീയാവസ്ഥയിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണം

4912 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളെല്ലാം പൂർണ്ണമായും അതിഥികൾക്ക് താമസിക്കുന്നതിന് സജ്ജമാണോ; ശോചനീയാവസ്ഥയിലുള്ള ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ/മറ്റ് അതിഥി മന്ദിരങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം; ആയവ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തുള്ളതും സംസ്ഥാന സർക്കാരിന് കീഴിലുള്ളതുമായ ഗസ്റ്റ് ഹൗസുകൾ പരിപാലിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കന്യാകുമാരി പോലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഗസ്റ്റ് ഹൗസ് വളരെ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) കന്യാകുമാരി ഗസ്റ്റ് ഹൗസിൽ എന്തെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകളെ അവയുടെ നിലവാരത്തിന്റെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ, ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

4913 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത പവൃത്തികളുടെ നിലവിലെ സ്ഥിതി വിശദാമാക്കാമോ;

(ബി) വാഗമൺ മലനിരകളോട് ചേർന്ന് കിടക്കുന്നതും ചെറുതും വലുതുമായ നിരവധി വെള്ളച്ചാട്ടങ്ങളുള്ളതുമായ പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ തീർത്ഥാടന ടൂറിസം പദ്ധതി

4914 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ ടൂറിസം മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

**കോട്ടൂളി ചെമ്പ്ര പാലം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി**

4915 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കോട്ടൂളി ചെമ്പ്ര പാലം കേന്ദ്രീകരിച്ച് പദ്ധതി നടത്തുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**നെന്മാറ മണ്ഡലത്തിലെ ടൂറിസം വികസനം**

4916 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ സംബന്ധിച്ച പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; ആതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**തിരൂരങ്ങാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

4917 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തിരൂരങ്ങാടി മണ്ഡലത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ടി നിർദ്ദേശിക്കപ്പെട്ട ടൂറിസം പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ അനുമതി ലഭ്യമാക്കുന്നതിന് നൽകിയ കത്തുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇവ ഏത് രൂപത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

**തിരുവനന്തപുരം ജില്ലയിലെ കായൽ പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ**

4918 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കായൽ പ്രദേശങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ആക്കുളം ലെഷർ ആൻഡ് അഡ്വെഞ്ചർ പദ്ധതി**

4919 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ലെഷർ ആൻഡ് അഡ്വെഞ്ചർ പദ്ധതിയുടെ നടത്തിപ്പിനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനം സ്റ്റാർട്ട് അപ്പ് എന്ന ഗണത്തിലാണോ ടെൻഡറിൽ പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

4920 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി

4921 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അനുവദിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

## ആക്കുളം ലെഷർ ആൻഡ് അഡ്വെഞ്ചർ പദ്ധതി

4922 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ലെഷർ ആൻഡ് അഡ്വെഞ്ചർ പദ്ധതിയുടെ നടത്തിപ്പിനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനം 2019, 2020, 2021 വർഷങ്ങളിലെ നികുതി രേഖകൾ ഹാജരാക്കിയിട്ടുണ്ടോ; എങ്കിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

## കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

4923 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ഏതൊക്കെ ഇടങ്ങളിൽ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംഗീകാരത്തിനായി എത്ര പദ്ധതികളാണ് പരിഗണനയിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പാലങ്ങളുടെ അടിയിൽ വയോജന പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇതുവരെയായി ഏതൊക്കെ പദ്ധതികൾക്കാണ് ഈ ഇനത്തിൽ അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മഞ്ഞംപൊതികുന്ന് ടൂറിസം പദ്ധതി

4924 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞംപൊതികുന്ന് ടൂറിസം പദ്ധതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## കുട്ടനാടൻ ടൂറിസത്തിന് പുതിയ പദ്ധതികൾ

4925 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ ഹൗസ് ബോട്ട് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിലെ സി ബ്ലോക്ക്, ആർ ബ്ലോക്ക് എന്നിവിടങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ചെങ്കൽ ക്ഷേത്രം, വ്ലാത്താങ്കര ഫെറോന ചർച്ച് എന്നിവയുടെ പ്രവൃത്തികൾ

4926 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർത്ഥാടന ടൂറിസം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച ചെങ്കൽ ക്ഷേത്രം, വ്ലാത്താങ്കര ഫെറോന ചർച്ച് എന്നിവയ്ക്കായി അനുവദിച്ച ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## സീ പ്ലെയിൻ ടൂറിസം

4927 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച സീ പ്ലെയിൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചപ്പോൾ ഉണ്ടായ തടസ്സങ്ങൾ നീക്കം ചെയ്യാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ വിവിധ ടൂറിസം പദ്ധതികൾ

4928 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് കേന്ദ്രം ആകർഷകമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഡി.ടി.പി.സി. പ്രോജക്ടായ കഴക്കൂട്ടം കിൻഫ്ര പാർക്ക് മാജിക് ഷെൽ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ഇ) ടൂറിസം കേന്ദ്രമായ മടവൂർപ്പാറയുടെ നടത്തിപ്പ് പുരാവസ്തു വകുപ്പിൽ നിന്നും ഡി.ടി.പി.സി. ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## അരുവിക്കര ശിവാപാർക്ക് നവീകരണം

4929 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ശിവാപാർക്ക് നവീകരിക്കുന്ന പദ്ധതിയുടെ നിലവിലെ തടസ്സങ്ങൾ നീക്കി പ്രവൃത്തി ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## കേരള ടൂറിസത്തിന്റെ കുതിപ്പ്

4930 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ കുതിപ്പിന് സ്വീകരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തെ ഇന്ത്യയുടെ ടൂറിസം ഹബ്ബ് ആക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

4931 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ചൂഷണം വർദ്ധിച്ചു വരുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയുടെ വികസനത്തിനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മറ്റ് ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സേവനദാതാക്കൾക്ക് എന്തെല്ലാം നിയന്ത്രണങ്ങളാണ് പ്രസ്തുത അതോറിറ്റി മുഖേന ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദാംശം നൽകുമോ?

**ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി**

4932 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**ടൂറിസം രംഗത്ത് കേരളത്തിന് ലഭിച്ച അവാർഡുകൾ**

4933 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ മികവാർന്ന പ്രവർത്തനം നടത്തിയതിന് ദേശീയ-അന്തർദേശീയ തലത്തിലുള്ള എതെല്ലാം അവാർഡുകളും പുരസ്കാരങ്ങളും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**വാവുമല ടൂറിസം പദ്ധതി**

4934 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ വാവുമല ടൂറിസം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**അക്കാദമിക മികവിനായി ആവിഷ്കരിച്ച പദ്ധതികൾ**

4935 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ഐ. ബി. സതീഷ്**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക മികവിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രത്യേക അവശതയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാകിരണം പദ്ധതി വഴി നൽകുന്ന പഠന സഹായങ്ങളും ബാരിയർ ഫ്രീ സ്കൂൾ വികസനത്തിലൂടെ പൊതു വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ കാര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) അക്കാദമിക മികവിനായി നടപ്പാക്കുന്ന കരിയർ ഗൈഡൻസ് പദ്ധതികൾ എന്തൊക്കെയെന്നും അവയുടെ ലക്ഷ്യങ്ങളും പ്രയോജനങ്ങളും എന്തെല്ലാമെന്നും വിശദമാക്കാമോ;

(ഇ) 2025-ൽ പൊതു വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക മികവിനായി തുടർ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ വിശദാംശങ്ങൾ നൽകാമോ?

## ചോദ്യ പേപ്പർ ചോർച്ചയിൽ ഉദ്യോഗസ്ഥരുടെ പങ്ക്

4936 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ വാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ചയിൽ വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ മലപ്പുറത്തെ ഒരു ഹയർ സെക്കൻഡറി സ്കൂളിലെ പ്യൂണിന്റെ സഹായത്തോടെയാണ് ചോർത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഒരു പ്യൂണിന്റെ മാത്രം സഹായത്തോടെ അർദ്ധ വാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ ചോർത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

## സ്കൂളുകളിൽ ലഹരിവിരുദ്ധ സന്ദേശം

4937 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും പരിസരങ്ങളിലും ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകം കൗൺസിലിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള സിനിമകളും നാടകങ്ങളും മറ്റ് കലാപരിപാടികളും സ്കൂളുകളിലും പരിസരങ്ങളിലും സംഘടിപ്പിക്കുമോ; വിശദമാക്കാമോ?

## പരീക്ഷാ ഭവനിൽ തീർപ്പാക്കാനുള്ള ഫയലുകൾ

4938 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ 28.02.2025 വരെ എത്ര ഫയലുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്;

(ബി) പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ മാറിയ കാലഘട്ടത്തിൽ അതിനനുസൃതമായ മാറ്റം പരീക്ഷാഭവനിലും കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പരീക്ഷാഭവനിലെ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജില്ലാ തലത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പരീക്ഷാ ഭവനിലെ ഏത് സെക്ഷനിലാണ് ഏറ്റവും കൂടുതൽ ഫയലുകൾ തീർപ്പാക്കാനുള്ളത്; എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്; അതിനു കാരണമെന്താണെന്ന് വിശദമാക്കാമോ?

## സ്കൂളുകളിലെ ആരോഗ്യ ക്ലിനിക്കുകൾ

4939 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലുള്ള എത്ര കൗൺസിലർമാരാണ് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്തുവരുന്നതെന്ന് സ്കൂൾ തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ സർക്കാർ സ്കൂളുകളിൽ നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ സ്കൂളുകളിലാണ് ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്; സ്കൂളുകളിൽ പ്രഖ്യാപിച്ചിട്ടുള്ള ക്ലിനിക്കുകളിൽ ഇതുവരെ പ്രവർത്തനം തുടങ്ങാത്തത് ഏതൊക്കെയാണ്; വിശദാംശം സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## ഗാന്ധി ജയന്തിവാരാഘോഷം

4940 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗവും അക്രമവാസനയും പ്രതിരോധിക്കുന്നതിനും മാനവികത ഊട്ടിയുറപ്പിക്കുന്നതിനുമായി സ്ക്കൂളുകളിൽ ഗാന്ധി ജയന്തിവാരം ആഘോഷിക്കുന്നത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൈമറിതലം മുതൽ ലഹരിക്കെതിരെയുള്ളതും മനുഷ്യസ്നേഹത്തിന്റേതുമായ ബാലപാഠങ്ങൾ പഠിപ്പിക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>ചോദ്യ പേപ്പർ ചോർച്ചയിലെ അന്വേഷണം</u>**

4941 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ് പരീക്ഷയുടെ ചോദ്യപേപ്പർ യൂട്യൂബ് ചാനൽ വഴി പ്രചരിപ്പിച്ച സംഭവത്തെക്കുറിച്ച് അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്രപേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇതിൽ എത്ര പേരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും ആരെയെങ്കിലും സർവീസിൽ നിന്നും പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ</u>**

4942 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ വിദ്യാകിരണം പദ്ധതി</u>**

4943 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം പദ്ധതിയിലൂടെ പാലക്കാട് ജില്ലയിൽ എത്ര സ്കൂളുകളാണ് സ്മാർട്ട് സ്കൂളുകളായതെന്ന് വ്യക്തമാക്കാമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ വർണ്ണക്കൂടാരം പദ്ധതി</u>**

4944 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; പദ്ധതി പ്രകാരം പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഫണ്ട്</u>**

4945 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ വകുപ്പിന്റെ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ വകുപ്പിന്റെ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

4946 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചത്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുന്നുണ്ടെന്നും അവയുടെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ഡലത്തിലെ ഓരോ സ്കൂളിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്

4947 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് തുക സഹിതം അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിലെ സമഗ്രശിക്ഷാ കേരള പദ്ധതി

4948 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സമഗ്രശിക്ഷാ കേരള പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ പദ്ധതിയ്ക്ക് വേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

4949 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഉച്ചഭക്ഷണ പദ്ധതി

4950 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## പി. എം. ശ്രീ സ്കൂൾ പദ്ധതി

4951 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പി.എം. ശ്രീ സ്കൂൾ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## എസ്.എസ്.എ.- ക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി ലഭിച്ച തുക.

4952 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ അഭിയാൻ കേരള-യ്ക്ക് 2022-23, 2023-24, 2024-25 വർഷങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതമായി അനുവദിച്ച തുകയും സംസ്ഥാന സർക്കാർ അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് അനുവദിക്കുന്ന തുകയുടെ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ; മേൽ വർഷങ്ങളിൽ പ്രസ്തുത അനുപാതത്തിൽ തുക ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സമഗ്ര ശിക്ഷാ അഭിയാൻ കേരളയുടെ ഫണ്ട് ഉപയോഗിച്ച് ശമ്പളം അനുവദിക്കുന്ന അന്യത്ര സേവനവ്യവസ്ഥയിൽ ജോലിചെയ്യുന്നവർ, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവരുടെ എണ്ണവും, മേൽ പ്രസ്താവിച്ച വിഭാഗത്തിലെ ജീവനക്കാർ ശമ്പളമായി

പറ്റിയ തുക 2021-2022, 2022-23, 2023-24, 2024 ഏപ്രിൽ മുതൽ 2025 ഫെബ്രുവരി വരെ എത്രയെന്ന് വിശദമാക്കാമോ;

(ഡി) മേൽ വിഭാഗത്തിലെ ഏതെങ്കിലും ജീവനക്കാർക്ക് ശമ്പളം നിലവിൽ കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സമഗ്ര ശിക്ഷാ അഭിയാൻ കേരളയിലെ ജീവനക്കാരുടെ ശമ്പളത്തിന് പുറമെ കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് 2020-21, 2021-22, 2022-23, 202-24, 2024-25 എന്നീ വർഷങ്ങളിൽ നീക്കിവെച്ച തുക എത്രയെന്നും പ്രസ്തുത തുക ഏതെല്ലാം അക്കാദമിക പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചതെന്നും വിശദമാക്കാമോ?

## സ്റ്റുഡന്റ്സ് സേവിങ്ങ്സ് സ്കീം

4953 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ നിലവിൽ ഉണ്ടെന്നുമുള്ള വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്നുമുള്ള വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായുള്ള സ്റ്റുഡന്റ്സ് സേവിങ്ങ്സ് സ്കീം നാളിതുവരെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത സ്കൂളുകളിലെ എത്ര വിദ്യാർത്ഥികൾ ഇതിനോടകം സ്കീമിൽ ചേർന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്കീമിൽ മികച്ച നേട്ടം കൈവരിച്ച സ്കൂളുകളെ ആദരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## മലയാള ഭാഷാ പഠനം ഉറപ്പാക്കുന്നതിന് നടപടി

4954 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസുകാർക്ക് വർഷത്തിൽ രണ്ട് ബോർഡ് പരീക്ഷ നടത്തുന്ന രീതിയിലുള്ള സി.ബി.എസ്.ഇ. കരട് രേഖയിൽ പ്രാദേശിക ഭാഷകളുടെ ലിസ്റ്റിൽ നിന്നും മലയാളത്തെ ഒഴിവാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തിന്റെ പ്രതിഷേധം സി.ബി.എസ്.ഇ.യേയും കേന്ദ്രസർക്കാരിനെയും അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരളത്തിലെ വിദ്യാർത്ഥികൾക്ക് മലയാള ഭാഷാ പഠനം ഉറപ്പാക്കുന്നതിനായി എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടികൾ

4955 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ സ്കൂളുകളിലും ആയത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ ശാരീരിക, മാനസികവളർച്ചയ്ക്ക് സഹായകമായ എന്തെല്ലാം ക്രമീകരണങ്ങളാണ് പ്രസ്തുത സ്ക്കൂളുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്ക്

4956 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തി കിഫ്ബി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര ക്ലാസ് റൂമുകളും മറ്റ് സൗകര്യങ്ങളുമാണ് ഈ സ്കൂളിൽ അധികമായി ലഭ്യമാക്കുക എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

## ഹയർ സെക്കൻഡറി പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകളിൽ നിയമനം

4957 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ പ്രിൻസിപ്പൽ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ എന്ന് മുതൽക്കാണ് അപ്രകാരം പ്രവർത്തിക്കുന്നതെന്ന് സ്കൂൾ തിരിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടന്നത് എന്നാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് അറിയിക്കാമോ?

## കുടശ്ശനാട് ഗവ.എസ്.വി.എച്ച്.എസ്.എസിന് അനുവദിച്ച തുക

4958 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കുടശ്ശനാട് ഗവ. എസ്.വി.എച്ച്.എസ്.എസ്. -ന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഖാദർ കമ്മിറ്റി

4959 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 19/10/2017-ലെ സർക്കാർ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ച ഖാദർ കമ്മിറ്റി വിദഗ്ധസമിതിക്കും അതിന്റെ തുടർപ്രവർത്തനങ്ങൾക്കുമായി നാളിതുവരെ ചെലവായ തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഖാദർ കമ്മിറ്റി സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും അവയുടെമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ഹയർസെക്കൻഡറി പ്രവേശനം

4960 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കൻഡറി പ്രവേശനത്തിൽ പത്താം ക്ലാസ് പാസ്സായ ഭൂരിഭാഗം കുട്ടികൾക്കും പ്രവേശനം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) വരുന്ന അധ്യയന വർഷത്തിൽ പ്ലസ് വണ്ണിന് അപേക്ഷിക്കുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) അർഹരായ എല്ലാവർക്കും ഹയർസെക്കൻഡറി പ്രവേശനം ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## ഹയർ സെക്കൻഡറി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകർ

4961 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ സർക്കാർ, എയ്ഡഡ് മേഖലകളിൽ 25-ൽ താഴെ കുട്ടികൾ പഠിക്കുന്ന ബാച്ചുകളുള്ള ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് ഓരോ വർഷവും നടത്തപ്പെടുന്ന ഇന്റർവ്യൂവിന് ശേഷം ഒരേ

സ്കൂളിൽ തന്നെ തുടർച്ചയായി എത്ര അധ്യയന വർഷം വരെ ജോലി ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോവിഡ് കാലത്ത് ഈടാക്കിയ സ്പെഷ്യൽ ഫീസ്.

4962 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് സ്കൂൾ അടഞ്ഞുകിടന്ന കാലയളവിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീസ് ഈടാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈടാക്കിയ തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി റഗുലർ ക്ലാസുകൾ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഇടാക്കിയ സ്പെഷൽ ഫീസ് തിരികെ നൽകാൻ സർക്കാർ ഉത്തരവായിരുന്നോ;

(സി) എങ്കിൽ എത്ര കുട്ടികൾക്ക് എത്ര തുകയാണ് തിരിച്ച് നൽകിയെതെന്നും എത്ര തുകയാണ് ഇനിയും തിരിച്ച് നൽകുവാനുള്ളതെന്നും വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) ഇനിയും തിരിച്ച് നൽകാനുള്ള തുക തിരിച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം

4963 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിൽ സിന്തറ്റിക് ലഹരി ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന വിവരം സർക്കരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ലഹരി ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങളിൽ ലഹരി വിൽപ്പന തടയുന്നതിനുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നാളിതുവരെ സ്വീകരിച്ച് വന്ന നടപടികൾ കൊണ്ട് മാത്രം ലഹരി ഉപയോഗത്തിന് പൂർണ്ണമായും തടയിടാൻ കഴിയും എന്ന് കരുതുന്നുണ്ടോ;

(ഡി) കൂടുതൽ ഫലപ്രദമായ രീതിയിൽ കുട്ടികളിലെ ലഹരി ഉപയോഗം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

## മാർ ബേസിൽ, നാവാമുകുന്ദ സ്കൂളുകൾക്കെതിരെയുള്ള നടപടികൾ

4964 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നവംബർ മാസത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച സംസ്ഥാന സ്കൂൾ കായികമേളയുമായി ബന്ധപ്പെട്ട് കോതമംഗലം മാർ ബേസിൽ, തിരുനാവായ നാവാമുകുന്ദ എന്നീ സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികൾ പിൻവലിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കായിക അധ്യാപക നിയമനം

4965 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനായി കായിക അധ്യാപകരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയതലത്തിൽ മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കായിക താരങ്ങളെ എൽ.പി. തലം മുതൽ അധ്യാപകരായി നിയമിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ കളിസ്ഥലം നവീകരണം

4966 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ എത്ര സ്കൂളുകളിലെ കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കാമോ?

## റോബോട്ടിക് കിറ്റുകൾ

4967 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക രംഗത്തെ മാറ്റങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ എത്ര റോബോട്ടിക് കിറ്റുകളാണ് സ്കൂളുകളിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## തിരുവനന്തപുരം കൺകോഡിയ യു.പി.എസ്. -ൽ വേതനം നൽകാൻ നടപടി

4968 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കൺകോഡിയ യു.പി.എസ്. -ൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന രാജി എസ്. - ന്റെ 2023-24, 2024-25 വർഷത്തെ വേതനം ലഭ്യമാക്കാത്തത് സംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത സ്കൂളിൽ ജോലിക്ക് കയറിയ മറ്റ് ആർക്കെങ്കിലും ശമ്പളം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡി.ഇ.ഒ.- യിൽ ടിയാൾ നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ സി/51406/23) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതു സംബന്ധിച്ച് ഡി.പി.ഐ.

ഓഫീസിൽ ഫയൽ ഉണ്ടോയെന്നും ആയതിൽ സ്വീകരിച്ചുവരുന്ന നടപടികളും വിശദീകരിക്കാമോ?

**<u>സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്ന നടപടി</u>**

4969 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 15.10.2023-ന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് സ്കൂൾ പി.റ്റി.എ. മുഖാന്തരം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതും ഇ/7725970/എം.ഐ.എൻ/ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്ത നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ മന്ദിര നിർമ്മാണം</u>**

4970 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മന്ദിരത്തിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

4971 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജം പദ്ധതി മുഖേനയും പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമ്മാണം, നവീകരണം എന്നിവയ്ക്കായി ഏതെല്ലാം സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ഇനി പൂർത്തിയാക്കാനുള്ളവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ ജവഹർ കോളനി ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>**

4972 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ജവഹർ കോളനി ഗവ. ഹൈസ്കൂളിന് നബാർഡ് മുഖാന്തിരം രണ്ട് കോടി രൂപ ചെലവാക്കി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടപൂർത്തീകരണത്തിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും എന്ന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം</u>

4973 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വർക്കല മണ്ഡലത്തിലെ എത്ര സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിവരവും ഓരോ പ്രവൃത്തിയുടെയും പുരോഗതിയും വിശദമാക്കാമോ?

## <u>ദീർഘകാല അവധിയിൽ തുടരുന്ന അധ്യാപകരുടെ അവധിക്കാല ശമ്പളം</u>

4974 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘകാല അവധിയിൽ തുടരുന്ന അധ്യാപകർ വിദ്യാഭ്യാസ വർഷം അവസാനിക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് തിരികെ ജോലിയിൽ പ്രവേശിച്ചാൽ അവർക്കു അവധിക്കാലത്തെ ശമ്പളം നൽകുന്നതിനുള്ള അനുമതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) 31-05-2025 ന് സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ അർഹതപ്പെട്ട അവധിയിൽ തുടരുകയും അക്കാദമിക് വർഷം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്താൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 28-09-2020-ലെ ജെ.1-289/2019 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ ബാധകമാകുമോ; വിരമിക്കുന്നവർക്കായി പ്രത്യേക ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ജോർഡി ജോയി-യുടെ ചികിത്സ തുക</u>

4975 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം കാരിക്കോട് കെ.എ.എം.യു.പി.എസ്സിലെ അറ്റന്റർ ജോർഡി ജോയി-യുടെ 13/07/2020 മുതൽ 19/09/2020 വരെയുള്ള കൊച്ചി അമൃതാ ആശുപത്രിയിലെ ചികിത്സ സംബന്ധിച്ച രണ്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നാന്നൂറ്റി എൺപത്തിയെട്ട് രൂപയുടെ ബില്ലിന് സർക്കാർ അനുമതി ലഭിച്ചെങ്കിലും നാളിതുവരെ പ്രസ്തുത തുക ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് നമ്പർ 5052/2022 പൊ.വി.വ തീയതി 23/08/2022 പ്രകാരം അനുവദിച്ച ചികിൽസാ തുക എന്നേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

ഇതിലെ സാങ്കേതിക തടസ്സം വിശദീകരിക്കാമോ?

## പാലക്കാട് ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ നിയമനം

4976 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2025 മേയ് 31-ന് എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ എത്ര വിരമിക്കൽ ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) 2024 ഡിസംബർ 1 മുതൽ 2025 ജനുവരി 31 വരെ എത്ര എൽ.പി. സ്കൂൾ ടീച്ചർ തസ്തികകൾ പാലക്കാട് ജില്ലയിൽ നഷ്ടമായി എന്ന് വ്യക്തമാക്കാമോ?

## അധ്യാപകരുടെ സ്ഥലം മാറ്റം

4977 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിലെ അധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഒരേ സ്കൂളിൽ തന്നെ കൂടുതൽ കാലം ജോലി ചെയ്യുന്ന അധ്യാപകർക്ക് മറ്റ് സ്കൂളുകളിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് എത്ര വർഷത്തെ കാലയളവാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒരേ സ്കൂളിൽ തന്നെ ജോലി ചെയ്യുന്ന അധ്യാപകർക്ക് മൂന്ന് വർഷം കൂടുമ്പോൾ സ്ഥലംമാറ്റം നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്കൂളുകളിലെ ഓഡിറ്റ്

4978 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഓഡിറ്റ് നടത്താത്തതിനാൽ, 2023-24 അധ്യയന വർഷം വിരമിച്ച പ്രഥമാധ്യാപകരിൽ എൻ.എൽ.സി. ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം വിദ്യാഭ്യാസ ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ എല്ലാ വർഷവും ഓഡിറ്റ് നടത്തുന്നതിനും ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) യഥാസമയം ഇത്തരം ഓഡിറ്റ് നടത്താത്തതുമൂലം വരുന്ന കാലതാമസം ഒഴിവാക്കാൻ അവസാന മൂന്ന് വർഷത്തെ മാത്രം ഓഡിറ്റ് നടത്തി എൻ.എൽ.സി. നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഹൈസ്കൂൾ ടീച്ചർ (മ്യൂസിക്) തസ്തികയിലെ ഒഴിവുകൾ

4979 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ ടീച്ചർ (മ്യൂസിക്) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്ക നടപടി കൈക്കോള്ളുമോയെന്ന് വിശദമാക്കുമോ;

(സി) കുട്ടികളുടെ എണ്ണം നോക്കാതെ ഹൈസ്കൂൾ ടീച്ചർ (മ്യൂസിക്) തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകളോ, നിർദ്ദേശങ്ങളോ, കോടതി വിധികളോ, നിരീക്ഷണങ്ങളോ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കലാപഠനം എന്ന വിഷയം, മ്യൂസിക് ടീച്ചർ അല്ലാതെ മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുതിയതായി നിയമിക്കപ്പെടുന്ന ഡ്രോയിംഗ് ടീച്ചേഴ്സ്, മ്യൂസിക് ടീച്ചേഴ്സ് എന്നിവരെ സ്കൂളുകളിൽ നിയമിക്കുന്നതിനുള്ള അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അനുപാതം എത്രയാണ്; ഈ അനുപാതത്തിലല്ലാതെ പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കുവപ്പടി ഗണപതി വിലാസം എച്ച്.എസ്-ലെ ആൻ ട്രീസ ടോം-ന്റെ നിയമനാംഗീകാരം

4980 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കുവപ്പടി ഗണപതി വിലാസം എച്ച്.എസ്.-ലെ യു.പി.എസ്.ടി. ആൻ ട്രീസ ടോം-ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള അപേക്ഷ (ഫയൽ നം.GEDN E1/166/2024-GEDN) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അധ്യാപക നിയമനം അംഗീകരിക്കാൻ നടപടി

4981 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തത്തംപള്ളി സെന്റ് മൈക്കിൾസ് എച്ച്.എസ്., ആലപ്പുഴ സെന്റ് ആന്റണീസ് എച്ച്.എസ്. എന്നീ സ്കൂളുകളിലെ ഏതൊക്കെ അധ്യാപകർക്ക് നിലവിൽ വിദ്യാഭ്യാസവകുപ്പിൽ നിന്നും നിയമനത്തിന് അംഗീകാരം ലഭിക്കാതെയുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അധ്യാപകരുടെ നിയമനാംഗീകാരത്തിന് എന്താണ് തടസമെന്ന് വിശദമാക്കാമോ;

(സി) 2017-മുതൽ നിയമനം ലഭിച്ച അധ്യാപകർ പ്രസ്തുത പട്ടികയിലുണ്ടെന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പ്രസ്തുത അധ്യാപകർക്ക്

നിയമനാംഗീകാരം നല്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

**ഹയർ സെക്കണ്ടറി അധിക ബാച്ചിലെ ഗസ്റ്റ് അധ്യാപകരുടെ വേതനം**

4982 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(കൈ) നം.167/2011 പ്രകാരം ഹയർ സെക്കണ്ടറി പഠനത്തിന് സൃഷ്ടിച്ച അധിക ബാച്ചുകളിൽ നിയമനം ലഭിച്ച ഗസ്റ്റ് അധ്യാപകർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ഇതുവരെ നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം നിയമനം ലഭിച്ച തീയതി മുതൽ സ്ഥിര അധ്യാപകർക്ക് തുല്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) അത്തരം നിയമനം ലഭിച്ച ഗസ്റ്റ് അധ്യാപകരിൽ കോടതിയിൽ കേസ് കൊടുത്ത് ഉത്തരവ് നേടിയവർക്ക് മാത്രമായി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഒരേ തരത്തിൽ നിയമനം ലഭിച്ചവരിൽ സാമ്പത്തിക ബുദ്ധിമുട്ടും മറ്റ് പലവിധ കാരണങ്ങളാലും കേസിന് പോകാൻ സാധിക്കാത്തവർക്ക് പ്രസ്തുത ആനുകൂല്യം അനുവദിക്കാതെയും കോടതി ഉത്തരവ് സമ്പാദിച്ചവർക്ക് മാത്രമായി ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്ത സന്തുലിതമല്ലാത്ത നടപടി മാനുഷിക പരിഗണന നല്കി പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കാമോ?

**അടൂർ വയല എൻ.ഡി.എം. യു.പി. സ്കൂളിലെ അധ്യാപികയുടെ നിയമനം**

4983 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വയല എൻ.ഡി.എം. യു.പി. സ്കൂളിലെ 43 ക്ലെയ്മെന്റ് ആയ രാജി രാജു എന്ന അധ്യാപികയുടെ നിയമനം നിയമപ്രകാരം സ്ഥിരപ്പെടുത്താതെ താൽക്കാലികമായി നിയമിച്ചത് സംബന്ധിച്ചുള്ള അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ;

(ബി) പുതുതായി നിയമിച്ച അധ്യാപർക്കു പോലും സ്ഥിര നിയമനവും ശമ്പള കുടിശികയും അനുവദിച്ചിട്ടും എന്ത് കൊണ്ടാണ് ഈ അധ്യാപികയുടെ നിയമനം മാത്രം ദിവസ വേതനക്കാരിയുടേതാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ അധ്യാപികയുടെ നിയമനം അംഗീകരിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) ഇത്തരത്തിൽ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടയുന്നത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്നതിന് ഒരു ഓൺലൈൻ ആപ്പ്-ന്റെ സഹായത്തോടെ മൂന്ന് മാസ കാലയളവിനുള്ളിൽ നിയമനം അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ശ്രീമതി രാജി രാജു- ന്റെ നിയമനം സ്ഥിരപ്പെടുത്തി ശമ്പള കുടിശിക ഉൾപ്പെടെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമനാംഗീകാരം

4984 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ നിയമന അംഗീകാരം കാത്തുനിൽക്കുന്ന അധ്യാപകരുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് എന്തെല്ലാം ത്വരിത നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരം

4985 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലെയും ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളവ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കീഴിൽ നിയമനാംഗീകാരം ലഭിക്കാതെ പ്രയാസപ്പെടുന്ന ആയിരക്കണക്കിന് അധ്യാപകരുടെയും ജീവനക്കാരുടെയും പ്രയാസങ്ങൾ കണക്കിലെടുത്ത് അംഗീകാരം നൽകുവാൻ സർക്കാർ ഒരു പൊതു ഉത്തരവ് ഇറക്കുമോ; ഇതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(സി) നാലു വർഷത്തിലധികമായി നിയമനം മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ ഭിന്നശേഷി നിയമനം നടക്കാത്ത വിദ്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നടത്തിയ എല്ലാ നിയമനങ്ങൾക്കും റെഗുലർ വ്യവസ്ഥയിലെ ശമ്പള സ്കെയിലിൽ അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

## ഹയർസെക്കൻഡറി - വൊക്കേഷണൽ ഹയർസെക്കൻഡറി ഏകീകരണം

4986 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷം ഗവൺമെന്റ്, എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഒരു കോഴ്സിൽ മിനിമം വേണ്ട കുട്ടികളുടെ എണ്ണത്തിൽ കുറവുള്ള സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ സർക്കാർ, എയ്ഡഡ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് ഹയർ സെക്കൻഡറി സ്കൂളുകൾക്ക് സമാനമായ ലാബ് സൗകര്യങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ഡി) ലാബ് സൗകര്യങ്ങളുടെ കാര്യത്തിൽ കൃത്യമായ പരിശോധന വകുപ്പ് തലത്തിൽ നടത്താറുണ്ടോ; വിശദമാക്കുമോ;

(ഇ) ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലകളുടെ ഏകീകരണം അടുത്ത അധ്യയന വർഷം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## പരീക്ഷ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി

4987 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷകളുടെ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ചോദ്യ പേപ്പർ സൂക്ഷിക്കുന്ന രീതി വിശദമാക്കാമോ;

(ബി) അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യ പേപ്പർ ഹയർ സെക്കൻഡറി സ്കൂളിലെ പ്യൂണിന്റെ സഹായത്തോടെയാണ് ചോർന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരീക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമതയെ ചോദ്യം ചെയ്യുന്നതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പരീക്ഷ നടത്തിപ്പ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പി.ടി.എ./എസ്.എസ്.ജി കമ്മിറ്റികൾ

4988 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ/എസ്.എസ്.ജി കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇവ ഓരോന്നിനും നൽകിയ അധികാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂൾ തലത്തിലുള്ള ഇത്തരം കമ്മിറ്റികളിൽ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രീമെട്രിക് ഹോസ്റ്റലിന് ഭൂമി

4989 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി ഗവ. ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന ഇരുപത്താറ് സെന്റ് സ്ഥലം പ്രീമെട്രിക് ഹോസ്റ്റൽ

നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത ഭൂമി ഹോസ്റ്റൽ നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

4990 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ ഏതൊക്കെ ശിപാർശകളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്?

## വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിലെ പ്രീ പ്രൈമറി സ്കൂളുകൾ

4991 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിൽ എത്ര പ്രീ പ്രൈമറി സ്കൂളുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ സ്റ്റാഫുകൾ എത്രയാണെന്നും ഏതൊക്കെ കാറ്റഗറിയെന്നും വ്യക്തമാക്കാമോ;

(സി) വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെയും ആയമാരുടെയും ഓണറേറിയം കൃത്യമായി നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ഓണറേറിയം ഇനിയും നൽകുവാനുണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ ചെറായി ഗവ.എൽ.പി. സ്കൂളിന്റെ പ്രീ പ്രൈമറി വിഭാഗത്തിൽ 31.10.2012 -ന് ഒഴിവുണ്ടായപ്പോൾ പി.ടി.എ. തീരുമാനമനുസരിച്ച് നിയമിതയായ പ്രിയ വി.എസ്. ന് നാളിതുവരെ നിയമന അംഗീകാരവും ഓണറേറിയവും നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഈ വിഷയത്തിൽ നിരവധി കത്തുകളും പരാതികളും സമർപ്പിച്ചിട്ടും 12 വർഷമായി സേവനമനുഷ്ഠിക്കുന്ന പ്രിയ വി.എസ്. ന്റെ നിയമനവും ഓണറേറിയവും നൽകുന്നതുമായി ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) 22.08.2024-ന് പ്രിയ വി.എസ്. തുടർനടപടികൾക്കായി എം.എൽ.എ. മുഖാന്തരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് (ഇ /8759174/2024/ എം.ഐ.എൻ./ഇ.ഡി.യു.) സമർപ്പിച്ച ഫയലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

4992 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്കീമുകളിലായി പയ്യന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും ഓരോന്നിന്റെയും തുകയും നിലവിലെ പുരോഗതിയും വിശദമാക്കാമോ?

**ഇതര സംസ്ഥാന വിദ്യാഭ്യാസ ഏജൻസികൾ നടത്തുന്ന പരീക്ഷയുള്ള തുല്യതാ സർട്ടിഫിക്കറ്റ്**

4993 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഏജൻസികൾ നടത്തുന്ന പത്താം തരം, പന്ത്രണ്ടാം തരം പരീക്ഷകൾ വിജയിക്കുന്ന കുട്ടികൾക്ക് സംസ്ഥാനത്ത് തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എൻ.ഐ.ഒ.എസ്. പരീക്ഷ പാസ്സായ കുട്ടികൾക്ക് തുല്യത നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കോഴിക്കോട് വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം**

4994 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ E 8920492/2024/MIN/Edn നമ്പർ കത്ത് പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് രൂപരേഖ തയ്യാറാക്കി നൽകിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**ചോദ്യപേപ്പർ ചോർച്ചകളിൽ സ്വീകരിച്ച നടപടി**

4995 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എസ്.എസ്.എൽ.സി., പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളുടെ ചോദ്യപേപ്പറുകൾ എത്ര തവണ ചോർന്നിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓരോ സംഭവത്തിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) എത്ര പേരെ സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ടെന്നും എത്ര പേരെ അന്വേഷണത്തിൽ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും എത്ര പേരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ടെന്നുമുള്ള വിശദാംശം പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ?

## എച്ച്.എസ്.എ.-എച്ച്.എസ്.എസ്.റ്റി. തസ്തികമാറ്റം

4996 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. (സുവോളജി & ബോട്ടണി) -യിലേക്കുള്ള തസ്തികമാറ്റ നിയമനം അവസാനം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ 5 വർഷം ഇപ്രകാരം നടന്ന നിയമനങ്ങളുടെ എണ്ണം എത്രയാണെന്ന് തസ്തിക/വിഷയം തിരിച്ചു ലഭ്യമാക്കാമോ;

(ബി) ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നടപ്പ് അധ്യയനവർഷം പൂർത്തിയാകുന്നതിനു മുൻപ് പ്രസ്തുത തസ്തിക മാറ്റ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## പാഠഭാഗങ്ങൾ പൂർണ്ണമാകുന്നതിന് മുൻപ് നടത്തിയ സ്കോളർഷിപ്പ് പരീക്ഷകൾ

4997 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠഭാഗങ്ങൾ പൂർണമായും പഠിപ്പിച്ചു തീരുന്നതിനു മുൻപ് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ നടത്തിയതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും സിലബസ് അടിസ്ഥാനമാക്കി നടത്തുന്ന പ്രസ്തുത സ്കോളർഷിപ്പ് പരീക്ഷകൾ പാഠഭാഗങ്ങൾ പൂർണ്ണമായും പഠിപ്പിച്ചതിനു ശേഷം നടത്തുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വിദ്യാർഥികളിൽ അനാവശ്യ സമ്മർദ്ദം ഉണ്ടാക്കുന്ന ഈ രീതിയിലുള്ള പരീക്ഷ ടൈംടേബിൾ ഒഴിവാക്കുന്നതിന് വരും വർഷങ്ങളിൽ ജാഗ്രത പുലർത്തുമോ; വിശദമാക്കുമോ?

## കേരളീയരല്ലാത്ത വിദ്യാർത്ഥികൾ

4998 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലുൾപ്പെടെ സംസ്ഥാന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിലവിൽ കേരളീയരല്ലാത്ത എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളാണെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

## സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം

4999 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തന ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവിട്ട തുകയും വ്യക്തമാക്കുമോ;

(ബി) സാക്ഷരതാ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

## ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായ നടപടികൾ

5000 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകി വരുന്ന സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകളിൽ പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് മാത്രം നൽകി വരുന്ന ഗ്രാന്റ് ചുരുങ്ങിയത് ഇരുപത്തിമൂന്ന് വയസ്സുവരെയെങ്കിലും ഉള്ളവർക്ക് ലഭ്യമാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) ഏറെ സാമൂഹ്യപരിഗണന അർഹിക്കുന്ന ഇത്തരം ആളുകൾക്ക് തുടർന്നും പഠനവും പരിശീലനവും ജീവിതമാർഗ്ഗവും ഉറപ്പുവരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് അവശ്യനടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം വിദ്യാർത്ഥികളുടെ പ്രായപരിധി ഉയർത്തുന്നതിനും അവരുടെ എണ്ണം കൂടി കണക്കിലെടുത്ത് ഗ്രാന്റും സഹായങ്ങളും തുടർന്നും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ദ്വിവർഷ അധ്യാപക കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം.

5001 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (D.El.Ed.) കോഴ്സിന്റെ പരീക്ഷകൾ ആരാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; 2020-22, 2021-23 എന്നീ ദ്വിവർഷ കോഴ്സുകളുടെ ജനറൽ വിഭാഗത്തിലും ഭാഷാ വിഭാഗത്തിലും എത്ര കുട്ടികൾ 3, 4 സെമസ്റ്റർ പരീക്ഷ എഴുതിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ജനറൽ വിഭാഗങ്ങളുടെയും ഭാഷാ വിഭാഗങ്ങളുടെയും മൂന്ന്, നാല് സെമസ്റ്ററുകളുടെയും സപ്ലിമെന്ററി പരീക്ഷകളുടെയും തീയതികൾ എന്നായിരുന്നുവെന്നും ഇവയുടെ റിസൾട്ട് പ്രഖ്യാപിച്ചത് എന്നാണെന്നും വർഷം, വിഭാഗം എന്നിവ തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണം എന്നാണ്

നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) D.El.Ed കോഴ്സിൽ ഭാഷാ വിഭാഗങ്ങളുടെ മാത്രം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ

5002 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ അൺഎയ്ഡഡ് (സ്വാശ്രയ) എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; 2016-17 മുതൽ 2023-24 വരെ അനുവദിച്ച സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ എത്രയാണെന്ന് അക്കാദമിക വർഷ അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നും എത്ര രൂപയാണ് ഹയർ സെക്കണ്ടറി എൻ.എസ്.എസ്. സെൽ പിരിച്ചെടുത്തത്; അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഇപ്രകാരം പിരിച്ചെടുത്ത തുക എന്തൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെയും പി.ടി.എ. യുടെയും പ്രവർത്തനം

5003 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുള്ള സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പി.ടി.എ.യും പ്രവർത്തിക്കേണ്ടതുണ്ടോയെന്ന് അറിയിക്കാമോ;

(ബി) രണ്ടു കമ്മിറ്റികളും പ്രവർത്തിക്കേണ്ടതുണ്ടെങ്കിൽ യോഗങ്ങൾ പ്രത്യേകമായാണോ സംയുക്തമായിട്ടാണോ ചേരേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളിലേക്ക് സർക്കാരും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ട് ചെലവഴിക്കേണ്ടത് എസ്.എം.സി യുടെ അക്കൗണ്ടിലൂടെയാണോ പി.ടി.എ. യുടെ അക്കൗണ്ടിലൂടെയാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) രണ്ട് കമ്മിറ്റികളുടെയും അധ്യക്ഷന്മാർ സ്കൂളിലെ സംയുക്ത യോഗത്തിലും മറ്റു പരിപാടികളിലും പങ്കെടുക്കുമ്പോൾ പ്രോട്ടോകോൾ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ഇ) ഒരു സ്കൂളിലെ പി.ടി.എ കമ്മിറ്റിയുടെയും എസ്.എം.സി. യുടെയും അധ്യക്ഷനായി ഒരാൾ തന്നെ സേവനമനുഷ്ഠിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോയെന്ന് അറിയിക്കാമോ?

## സ്കൂളുകളിലെ പോക്സോ നിയമ ബോധവൽക്കരണ പരിപാടികൾ

5004 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമമനുസരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്കൂൾ അധ്യാപകർക്കുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സ്കൂൾ തലത്തിലുള്ള നിയന്ത്രണങ്ങളും റിപ്പോർട്ടിംഗ് സംവിധാനങ്ങളും എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) കുട്ടികൾക്ക് ലൈംഗിക അതിക്രമങ്ങൾ തിരിച്ചറിയാനും അവയിൽ നിന്ന് രക്ഷപ്പെടാനും സഹായിക്കുന്നതിന് ഹയർ സെക്കണ്ടറി അധ്യാപകർക്ക് എന്തൊക്കെ ബോധവൽക്കരണ പരിശീലനങ്ങളാണ് നൽകുന്നത്; വിശദീകരിക്കാമോ;

(ഡി) പോക്സോ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, സമൂഹം എന്നിവരുമായി സഹകരിച്ച് നടത്തുന്ന പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

## യു.പി. സ്കൂൾ ഭാഷാ അദ്ധ്യാപക നിയമനം

5005 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ ഭാഷാ അദ്ധ്യാപകരുടെ കുറവ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും സമയബന്ധിതമായി നിയമനം നടത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; നിലവിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണെന്ന് ഓരോ ജില്ലാ ഓഫീസിലെയും ബന്ധപ്പെട്ട വിഭാഗത്തിലെ സീറ്റ് അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കാമോ; ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഓരോ സീറ്റിലും ഒഴിവുകൾ ലഭിച്ച തീയതികൾ, ലഭിച്ച ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതികൾ എന്നിവ അറിയിക്കാമോ;

(ഇ) ഹിന്ദി ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നിലവിൽ എത്ര ഒഴിവ് (ആൻറിസിപ്പേറ്ററി) പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ ജില്ലയിലെയും കണക്കുകൾ അറിയിക്കാമോ;

(എഫ്) പ്രസ്തുത തസ്തികയിലെ നിയമനം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## അധ്യാപക തസ്തിക നിർണ്ണയം

5006 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന വർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ജൂലൈ 15-ന് മുമ്പ് അധ്യാപക തസ്തികാനിർണ്ണയം പൂർത്തിയാക്കണമെന്ന വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇപ്രകാരം തസ്തികാനിർണ്ണയം പൂർത്തിയാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള അധ്യാപക തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയാണ് അധ്യാപക പുനർവിന്യാസവും അധ്യാപക നിയമനവും നടക്കുന്നതെന്നതിനാൽ ഇതിന്റെ പൂർത്തീകരണത്തിലെ കാലതാമസം പി.എസ്.സി നിയമനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം അധ്യാപക നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(സി) അധിക തസ്തിക നിർദ്ദേശിച്ച സ്കൂളുകളിൽ അതിവേഗം പരിശോധന പൂർത്തിയാക്കി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും അതുവഴി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ആളുകൾക്ക് നിയമനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അദ്ധ്യാപക നിയമനം

5007 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് മേഖലകളിലായി 2021 മേയ് മാസത്തിന് ശേഷം നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ വിശദാംശം ഇനം തിരിച്ചു ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ നിയമന അംഗീകാരം ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്യുന്ന അധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് തടസ്സമെന്താണെന്നും എപ്പോൾ നിയമനാംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ സ്കൂളുകളിൽ എൽ.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തസ്തികയിൽ 2025 മേയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ് എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമനാംഗീകാരം

5008 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം അംഗീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ നിയമനം അംഗീകരിക്കാതെ മൂന്നും നാലും കൊല്ലം ശമ്പളം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ബോധപൂർവ്വം നിയമനം അംഗീകരിക്കാതെ നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷാ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

## അധ്യാപകരുടെ റഗുലറൈസേഷൻ

5009 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ന് ശേഷം ഡിവിഷൻ നഷ്ടപ്പെട്ട് സർവ്വീസിൽ നിന്നും പുറത്തായ അധ്യാപകരെ 2012-ൽ ക്ലസ്റ്റർ കോർഡിനേറ്ററായി സമഗ്ര ശിക്ഷ കേരള-യിൽ നിയമിച്ചിരുന്നോ; പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് 2012 മുതൽ റഗുലറൈസ് ചെയ്തിരുന്നോ; റഗുലറൈസ് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) 2012-ന് ശേഷം ഡിവിഷൻ ഫാളിൽ പുറത്തായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2012-2016 കാലയളവിൽ നോൺ ഡ്യൂട്ടിയായി പരിഗണിക്കപ്പെടുകയും 2016 ന് ശേഷം സർവ്വീസിൽ തുടരുകയും ചെയ്ത ജീവനക്കാരുടെ നോൺ ഡ്യൂട്ടി കാലയളവ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ അധ്യാപക ഒഴിവുകൾ

5010 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് സ്കൂൾ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ എന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ;

(സി) നിയമനം നടത്താത്ത ഒഴിവുകളുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ സെക്ഷൻ മാറ്റം

5011 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ സെക്ഷൻ മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന്

വിശദമാക്കുമോ;

(ബി) വിവിധ സെക്ഷനുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ ഇടയ്ക്കിടെ സെക്ഷൻ മാറ്റി നിയമിക്കുന്നത് കാരണം അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും പ്രസ്തുത സെക്ഷനുകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്കും ഫയൽ തീർപ്പാക്കുന്നതിനും കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കോഴിക്കോട്, കണ്ണൂർ ഉൾപ്പെടെ അഞ്ച് ജില്ലകളിലെ എയ്ഡഡ് സ്കൂളുകളുടെ മാനേജ്മെന്റ് ട്രാൻസ്ഫർ, നിയമനാംഗീകാരം ഉൾപ്പെടെ ഗൗരവതരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ജി സെക്ഷനിൽ തുടർച്ചയായി ജീവനക്കാരെ മാറ്റുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുകയും പ്രസ്തുത സെക്ഷനിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്കും ഫയൽ നീക്കങ്ങൾക്കും തടസ്സം നേരിടുകയും ചെയ്യുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെക്ഷനിൽ മാനേജ്മെന്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ഫിസിക്കൽ ഫയലുകളിലെ വിഷയങ്ങൾ പരിശോധിച്ച് തീരുമാനങ്ങളെടുക്കേണ്ടതിനാലും ജീവനക്കാർ സെക്ഷൻ ജോലികളും ഫയലുകളും പഠിച്ച് വരുമ്പോഴേക്കും സെക്ഷൻ മാറ്റുന്നതിനാലും ഫയൽ തീർപ്പാക്കലിനെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ;

(ഇ) ജോലിഭാരം കൂടുതലുള്ളതും ഗൗരവതരവും സങ്കീർണ്ണവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുമായ ഇത്തരം സെക്ഷനുകളിൽ കൂടുതൽ പരിചയസമ്പന്നരായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സെക്ഷനിൽ ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ജീവനക്കാരെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികമാറ്റ നിയമനം

5012 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനായി കൊല്ലം ജില്ലയിലെ പോരുവഴി ഗവ: ഹൈസ്കൂൾ അറബിക് അദ്ധ്യാപിക ഹഫ്സത്ത് സി.പി. സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) 01.01.2016 മുതൽ 28.12.2020 വരെ എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള മുഴുവൻ ഒഴിവുകളും 10.08.2022-ൽ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിലെ തസ്തികമാറ്റ നിയമനം പി.എസ്.സി മുഖേന നടത്തുന്നത് സംബന്ധിച്ച ചട്ട ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ തസ്തികമാറ്റ നിയമനം പി.എസ്.സി. മുഖേന നടത്തുന്നത് പുന: പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഹയർ സെക്കണ്ടറി ജൂനിയർ തസ്തികയിലേക്കുള്ള നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ ഫീഡർ കാറ്റഗറിയിലെ അവരുടെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി നികത്തുന്ന തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തെ തൊഴിലില്ലായ്മ</u>

5013 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവതികളും യുവാക്കളും തൊഴിൽ ലഭിക്കാത്തതിനാൽ വിദേശത്തേക്കും അന്യ സംസ്ഥാനങ്ങളിലേക്കും ചേക്കേറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;?

## <u>അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനം</u>

5014 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിലവിൽ സ്ഥാനക്കയറ്റം മുഖേനയും, പ്രമോഷൻ മുഖേനയും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും കേഡർ സ്ട്രെങ്ത്തും എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് കേഡർ സ്ട്രെങ്ത് അനുസരിച്ചുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ കേഡർ സ്ട്രെങ്ത്തിൽ അധിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഈ തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ കേഡർ സ്ട്രെങ്ത്തിൽ ഡെപ്യൂട്ടേഷൻ മുഖേന അധിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് 05.08.2024-ലെ ഡി3/134/2024/തൊഴിൽ എന്ന നമ്പർ കത്തിന് വകുപ്പ് കമ്മീഷണർ ഓഫീസിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## <u>മിനിമം കൂലി നിശ്ചയിക്കാനുള്ള മേഖലകൾ</u>

5015 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിലെ മിനിമം കൂലിയാണ് ഇനി നിശ്ചയിക്കാനുള്ളതെന്നും അതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

## ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

5016 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികളെ കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കിലെയുടെ പ്രവർത്തനങ്ങൾ

5017 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ എംപ്ലോയ്മെന്റിന്റെ (കിലെ) ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) തൊഴിൽ നയ നിർമ്മാണത്തിന്റെയും ഗവേഷണത്തിന്റെയും രംഗത്ത് കിലെയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) തൊഴിൽ പരിശീലന പരിപാടികളിൽ എന്തെല്ലാം സംഭാവനകളാണ് സമീപകാലത്ത് കിലെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) തൊഴിൽ വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിലും കിലെയുടെ പങ്ക് വ്യക്തമാക്കാമോ;

(ഇ) സംഘടിത-അസംഘടിത മേഖലകളിലെ തൊഴിൽ സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളിലാണ് കിലെ മാർഗ്ഗനിർദ്ദേശം നൽകുന്നതെന്ന് വിശദമാക്കാമോ?

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

5018 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ; എത്ര പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## തൊഴിലാളി ക്ഷേമനിധികളിലെ സർക്കാർ വിഹിതം

5019 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധികളിൽ അംശദായ തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം കൃത്യമായി അടയ്ക്കാത്ത എത്ര ക്ഷേമനിധികൾ നിലവിലുണ്ട്; ഏതൊക്കെയാണെന്നും എത്ര തുക കുടിശികയുണ്ടെന്നുമുള്ള വിശദാംശം ക്ഷേമനിധി തിരിച്ച് ലഭ്യമാക്കുമോ?

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

5020 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉടമ വിഹിതം അടയ്ക്കുന്ന തൊഴിലാളികൾക്ക് മാത്രമേ നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ എങ്കിലും ഭൂരിഭാഗം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വം എടുക്കാത്തവരാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരും ക്ഷേമനിധിയിൽ അംഗത്വം എടുത്ത് കുടിശിക വരുത്താതിരിക്കുന്നതുമായ മുഴുവൻ മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് മോട്ടോർ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

## ഗിഗ്ഗ് തൊഴിലാളികളുടെ വേതനവും സംരക്ഷണവും

5021 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സർവീസ് ഡെലിവറി/ഇ-കോമേഴ്സ് സർവീസ് ഡെലിവറി മേഖലയിൽ പ്രവർത്തിക്കുന്ന ഗിഗ്ഗ് തൊഴിലാളികളുടെ വേതനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇതര തൊഴിലാളി ക്ഷേമനിധി ബോർഡ് മാതൃകയിൽ, ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) ഗിഗ് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും വേതനവുമായി ബന്ധപ്പെട്ട് അനുയോജ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കള്ള് വ്യവസായ ക്ഷേമനിധി

5022 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ ക്ഷേമ നിധിയിൽ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിന്റെ പലിശ വെട്ടിക്കുറച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമ നിധിയിൽ തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ടിന്റെ എത്ര ശതമാനമായിരുന്നു നൽകിയിരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര ശതമാനം പലിശ വെട്ടിക്കുറച്ചിട്ടുണ്ടെന്നും എന്നു മുതലാണ് വെട്ടിക്കുറച്ചതെന്നും ആയതിന്റെ കാരണവും വ്യക്തമാക്കുമോ?

## തൊഴിൽരഹിതരെ കണ്ടെത്താൻ സർവേ

5023 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിൽരഹിതർ ഉണ്ടെന്ന് കണ്ടെത്തുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവ്വേ നടത്തിയിട്ടില്ലെങ്കിൽ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം സംബന്ധിച്ച് ഏത് ആധികാരിക രേഖയാണ് സർക്കാരിന്റെ കൈവശമുള്ളത്; ആയത് വ്യക്തമാക്കുമോ?

## ഗിഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം

5024 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിൽ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കെട്ടിട നിർമ്മാണ സെസ്

5025 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെട്ടിട നിർമ്മാണത്തിനായുള്ള സെസ് ഇനത്തിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ സെസ് കണക്കാക്കുന്ന സമ്പ്രദായത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സെസ് മുഖേന കെട്ടിടനിർമ്മാണ തൊഴിലാളി മേഖലയിൽ എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത് എന്ന വിശദവിവരം ലഭ്യമാക്കാമോ?

**<u>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>**

5026 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്തതിനേക്കാൾ അധികം അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>രണ്ടാം ഘട്ട ആവാസ് പദ്ധതി</u>**

5027 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവാസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി എത്ര അതിഥി തൊഴിലാളികളുടെ വിവരം കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിഥി തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അതിഥി തൊഴിലാളി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം സംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും</u>**

5028 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവരശേഖരണത്തിനുമായി വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനോ ജോലിക്ക് നിയോഗിക്കുവാനോ ഉദ്ദേശിക്കുന്ന കരാറുകാർക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) അതിഥി തൊഴിലാളികൾ ഹാജരാക്കുന്ന തിരിച്ചറിയൽ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനും അവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിനും

നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) അതിഥി തൊഴിലാളികളെ വേഗം തിരിച്ചറിയുന്നതിന് ആധാർ ലിങ്ക്ഡ് ബയോമെട്രിക് തിരിച്ചറിയൽ രേഖ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് പ്രസ്തുത തിരിച്ചറിയൽ രേഖ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ 2025 -2026 വർഷം മുതൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## <u>ആലപ്പുഴ മുനിസിപ്പൽ ഏരിയയിലുള്ള അതിഥി തൊഴിലാളികൾ</u>

5029 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മുനിസിപ്പൽ ഏരിയയിൽ എത്ര അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ മുൻസിപ്പൽ ഏരിയയിൽ ഉള്ള ഹൗസ് ബോട്ട് വിഭാഗത്തിൽ മാത്രം എത്ര അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) ആലപ്പുഴ മുൻസിപ്പൽ ഏരിയയിൽ ഉള്ള തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ആരൊക്കെയാണ് ജോലി ചെയ്യുന്നത്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കാമോ;

(ഡി) ആലപ്പുഴ ജില്ലയിലെ മുൻസിപ്പൽ ഏരിയയിൽ ഉള്ള തൊഴിൽ വകുപ്പിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അക്കൗണ്ട്സ് വിഭാഗത്തിൽ മൂന്ന് വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ;

(ഇ) ആലപ്പുഴ ജില്ലയിലെ മുനിസിപ്പൽ ഏരിയയിൽ ഉള്ള സർക്കിളുകളിൽ മൂന്ന് വർഷത്തിൽ കൂടുതൽ ആയി ജോലി ചെയ്യുന്ന ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ?

## <u>കുറഞ്ഞ കൂലി നടപ്പിലാക്കിയ മേഖലകൾ</u>

5030 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഏതെല്ലാം മേഖലകളിലാണ് കുറഞ്ഞ കൂലി നടപ്പിലാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ഏതെല്ലാം മേഖലകളിലാണ് കുറഞ്ഞ കൂലി നിരക്ക് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത് എന്ന് അറിയിക്കാമോ?

## <u>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വം</u>

5031 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഇ.എം.-48530 നമ്പർ അംഗമായിരുന്ന വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 7, അറക്കത്തറ വീട്ടിൽ എ.സി. സുരേഷിന്റെ അംഗത്വം പുനഃസ്ഥാപിച്ചുകിട്ടുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമായി 08.08.2023 ന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് തൊഴിൽ വകുപ്പിലെ ജെ1/347/2023 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്ക് എന്നത്തേയ്ക്ക് അംഗത്വവും പെൻഷനും ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

## അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലെ നിയമനം

5032 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്ക്, സീനിയർ ക്ലാർക്കുമാരിൽ നിന്നും താൽക്കാലിക പ്രമോഷൻ ലഭിച്ചവർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡെപ്യൂട്ടേഷൻ അനുവദിച്ച തസ്തികകളിലെയും മറ്റ് വിധത്തിൽ ഒഴിവുകൾ ഉണ്ടായ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) 10.10.2018 ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം 3:1 ക്വാട്ടയിൽ നിന്നും 2:1 ക്വാട്ട ആയപ്പോൾ ഉണ്ടായ ഒൻപത് ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതികൾ വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം

5033 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് പുതുക്കി നിശ്ചയിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തൊഴിലില്ലായ്മ വേതനം

5034 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്രപേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്; പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലാണ്; നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് ഇ.എസ്.ഐ. ക്ലെയിം**

5035 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മണാശ്ശേരി കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് സ്പെഷ്യാലിറ്റി ക്ലെയിം ഇനത്തിൽ 2021, 2022 വർഷങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ എത്ര തുക നൽകാനുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക യഥാസമയം അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**പ്രൊവിഡന്റ് ഫണ്ട് വിഹിതം**

5036 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ തൊഴിലുടമകൾ നൽകേണ്ട വിഹിതം കൃത്യമായി അടയ്ക്കാത്തത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ദിവസവേതന/കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ്**

5037 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ദിവസവേതന/കരാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മലമ്പുഴ ഐ.ടി.ഐ. അന്താരാഷ്ട്രാ നിലവാരത്തിലേയ്ക്ക്**

5038 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി ആകെ ചെലവാക്കിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലമ്പുഴ ഐ.ടി.ഐ.യിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഒരുക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ; എത്ര പുതിയ ക്ലാസ് മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നരിപ്പറ്റ ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന സ്വീകരിച്ച നടപടികൾ

5039 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയ ഭൂമി തൊഴിൽ വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന പ്ലാൻ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മടിക്കൈ ഐ.ടി.ഐ

5040 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ ഐ.ടി.ഐയിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷന്റെ രജിസ്ട്രേഷൻ

5041 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് 1958518/25 തപാൽ നമ്പറായി നൽകിയിട്ടുള്ള കത്തിന്റെ ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ചിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ;

(ബി) ഐ.ടി.ഐ. അധ്യാപക സംഘടനയായ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷന്റെ (ഐ.ടി.ഡി.ഐ.ഒ) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ടി ഫയലിന്റെ നാളിതുവരെയുള്ള നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.

5042 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. തുടങ്ങുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ചാവക്കാട് നഗരസഭ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## പെരിങ്ങോം ഗവ. ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ

5043 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) അടുത്ത അക്കാദമികവർഷം തന്നെ പുതിയ കോഴ്സുകൾ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ

5044 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ.;

(ബി) അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഐ.എസ്.ടി.ഇ.പി. നൈപുണ്യ വികസന പദ്ധതി

5045 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.എസ്.ടി.ഇ.പി. എന്ന നൈപുണ്യ വികസന പദ്ധതിയുടെ ലക്ഷ്യവും പ്രവർത്തനവും വിശദമാക്കാമോ;

(ബി) ഐ.എസ്.ടി.ഇ.പി.ക്കു കീഴിൽ ഏതെല്ലാം കോഴ്സുകളാണ് പരിശീലിപ്പിക്കുന്നതെന്നും പ്രസ്തുത കോഴ്സുകളുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വിശദമാക്കുമോ;

(സി) മറ്റ് സ്ഥാപനങ്ങൾക്ക് അവരുടെ തൊഴിൽ ആവശ്യങ്ങൾക്കനുസരിച്ച് ഐ.എസ്.ടി.ഇ.പി.യുമായി സഹകരിക്കാനും നൈപുണ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കാനുമുള്ള അവസരങ്ങളുണ്ടോ?

## വ്യാവസായിക പരിശീലന വകുപ്പിലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം

5046 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് പ്രകാരം, നോൺ വെക്കേഷൻ വിഭാഗമായ വ്യാവസായിക പരിശീലന വകുപ്പിൽ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തേണ്ടത് ഏത് മാസമാണ്; വിശദമാക്കാമോ;

(ബി) 2024-ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) 2024-ൽ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ച തസ്തികകളുടെ എണ്ണം എത്ര; ഇവയിൽ എത്ര തസ്തികകളിൽ സ്പാർക്ക് ജനറേറ്റഡ്

അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്; പൊതു സ്ഥലംമാറ്റ ഉത്തരവുകൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണോ; വിശദമാക്കാമോ;

(ഡി) ഓൺലൈൻ പൊതു സ്ഥലംമാറ്റ ഉത്തരവിനൊപ്പം പ്രമോഷൻ ഉത്തരവും കൂടി ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ടോ; മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ഇത്തരം ഉത്തരവുകൾ ഇറക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്</u>**

5047 **ശ്രീ ഡി കെ മുരളി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സേവനങ്ങൾ ലഭ്യമാവുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും ഇ.എസ്.ഐ. ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിലെ സേവന വ്യാപ്തിയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഓൺലൈൻ സേവനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് സൗകര്യങ്ങൾ എന്നിവയുടെ വിപുലീകരണ മേഖലയിലുള്ള പുരോഗതി വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ ഡിസ്പൻസറികളിലെയും ആശുപത്രിയിലേയും ട്രാൻസ്ഫർ</u>**

5048 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ഫറൂഖ് ഇ.എസ്.ഐ ആശുപത്രിയിലും ട്രാൻസ്ഫർ ആവാതെ തുടർച്ചയായി ആറിൽ കൂടുതൽ വർഷം ജോലി ചെയ്യുന്ന എത്ര നഴ്സിംഗ് ഓഫീസർമാർ ഉണ്ട്; ഡിസ്പെൻസറികൾ/ആശുപത്രി തിരിച്ച് പേര് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ ട്രാൻസ്ഫറിലെ അപാകതകൾ കൊണ്ട് കോഴിക്കോട് ജില്ലയിലെ ഫറൂക്ക് ഇ.എസ്.ഐ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സിംഗ് ഓഫീസർമാർക്ക് ചാലപ്പുറം, കുന്നത്ത്പാലം, ചെറുവണ്ണൂർ, ഫറോക്ക്, ചുങ്കം, എന്നിവിടങ്ങളിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ കഴിയാതെ വന്നിരിക്കുന്നതിനാൽ ഈ അപാകതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ ട്രാൻസ്ഫർ ഓൺലൈൻ സമ്പ്രദായത്തിൽ ആണോ നടപ്പിലാക്കിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിൽ എത്ര ഇ.എസ്.ഐ ഡിസ്പൻസറികളും ആശുപത്രികളും ഉണ്ടെന്ന് വ്യക്തമാക്കാമോ; എല്ലാ സ്ഥലങ്ങളിലും നഴ്സിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച അപേക്ഷകൾ**

5049 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ നടന്ന കരുതലും കൈത്താങ്ങും അദാലത്തിൽ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് വില്ലേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ടെന്നും വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമെടുക്കാനുള്ളവ എന്നത്തേയ്ക്ക് തീർപ്പാക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**നിർബന്ധിത വില്ലേജ് ഓഫീസ് സേവനം**

5050 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ നിർബന്ധിത വില്ലേജ് ഓഫീസ് സേവനം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ഒരേ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്നതിന് മിനിമം കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലാവധിക്ക് ശേഷവും വിവിധ തസ്തികകളിൽ ഒരേ ഓഫീസിൽ ജീവനക്കാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ചേലക്കര മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ആഫീസ് പദ്ധതി**

5051 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചേലക്കര മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത്; വില്ലേജ് ഓഫീസുകളുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിടങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിച്ചത്; പേരുവിവരം വ്യക്തമാക്കാമോ; ഏതിനൊക്കെയാണ് തുക അനുവദിച്ച് കെട്ടിടം പണി ആരംഭിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

## പുതിയ വില്ലേജുകളുടെ രൂപീകരണം

5052 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട്; ഇനിയും പുതിയ വില്ലേജുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രിയ്ക്ക് സ്ഥലം

5053 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് അഞ്ചേക്കർ സ്ഥലം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയക്ടർ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എല്ലാ താലൂക്ക് തഹസിൽദാർമാരോടും റിപ്പോർട്ട് തേടി വിവരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയക്ടർക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ജലസംരക്ഷണത്തിനായി മാറ്റിവെക്കുന്ന ഭൂമിക്ക് ഫീസ് ഈടാക്കുന്ന നടപടി

5054 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ജലസംരക്ഷണത്തിനായി മാറ്റിവെക്കുന്ന ഭൂമിക്ക് ഫീസ് ഈടാക്കേണ്ടതില്ലെന്ന പൊതു നിർദ്ദേശം ഉണ്ടായിട്ടും അത്തരം ഭൂമിക്ക് ഫീസ് ഈടാക്കി വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. മഹമൂദ് എം.പി., മാവുള്ള പറമ്പത്ത്, ഉുവ്വക്കുന്ന് എന്നയാളിൽ നിന്നും തെറ്റായി ഈടാക്കിയ തുക തിരിച്ചു നൽകാൻ റവന്യൂ വകുപ്പിന്റെ 22-12-2023 തീയതിയിലെ REV-P1/156/2022-REV നമ്പർ സർക്കുലർ പ്രകാരവും 01-01-2024 തീയതിയിലെ REV-P1/156/2022-REV നമ്പർ കത്ത് പ്രകാരവും നിർദ്ദേശമുണ്ടായിട്ടും ഒരു വർഷത്തിലധികമായി പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) 01-01-2024 തീയതിയിലെ REV-P1/156/2022-REV നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഒരു വർഷവും രണ്ട് മാസവുമായിട്ടും പ്രസ്തുത റിപ്പോർട്ട് ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. മഹമൂദ് എം.പി., മാവുള്ള പറമ്പത്ത്, ത്തുവ്വക്കുന്ന് എന്നയാളുടെ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ തുക എപ്പോൾ നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ

5055 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽനിന്ന് ഭൂമി തരംമാറ്റലിനായി ഇതുവരെ എത്ര അപേക്ഷകൾ നേരിട്ടും ഓൺലൈനായും ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ടെന്നും ഉള്ള വിവരങ്ങൾ വില്ലേജ് തിരിച്ച് വിശദമാക്കാമോ?

## ഡിജിറ്റൽ സർവ്വേ

5056 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പാക്കുന്നത് വഴി ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ;

(ബി) ഭൂമി സംബന്ധമായ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനോടൊപ്പം ഡാറ്റാ പ്രൈവസി ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫോർമേഷൻ മാനേജ്മെന്റ് സംവിധാനം നിലവിൽ വരുന്നത് ഭൂരേഖ പരിപാലനം സമഗ്രമാക്കുന്നതിന് സഹായിക്കുമോ; വിശദീകരിക്കുമോ?

## റീ-സർവ്വെ നടപടികൾ പൂർത്തീകരിക്കൽ

5057 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളിൽ റീ-സർവ്വെ ജോലി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ഇനി എത്ര വില്ലേജ് ഓഫീസുകളിൽ റീ-സർവ്വെ ജോലി പൂർത്തീകരിക്കാനുണ്ട്;

(സി) സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളിലും റീ-സർവ്വെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം ചെയ്തിട്ടുള്ളത്; ഇത്

സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

**അരൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കൈമാറ്റ നടപടി**

5058 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി കൈമാറ്റ നടപടികളുടെ ഫയൽ നിലവിൽ ആരുടെ കൈവശമാണെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വിശദമാക്കാമോ?

**നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരിച്ച നടപടി**

5059 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരിക്കാൻ കണ്ണൂർ കളക്ടറേറ്റിൽ നിന്നും ക്യാമറാമാനെ ഏർപ്പാടാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) നവീൻ ബാബുവിന്റെ യാത്രയയപ്പ് പരിപാടി ചിത്രീകരിക്കാൻ പി.പി.ദിവ്യ ആവശ്യപ്പെട്ടുവെന്നും ചിത്രീകരിച്ച ദൃശ്യങ്ങൾ കൈപ്പറ്റിയെന്നും പ്രാദേശിക ചാനലായ കണ്ണൂർവിഷൻ പ്രതിനിധികൾ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർക്ക് മൊഴിനൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ പരിപാടിയിൽ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ക്ഷണിക്കാതെ കയറി വന്ന് പരിപാടി ചിത്രീകരിക്കാൻ നടപടി സ്വീകരിച്ചത് നിയമവിരുദ്ധമല്ലേ എന്ന ആക്ഷേപം സംബന്ധിച്ച് വ്യക്തമാക്കുമോ?

**ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**

5060 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിനെ പരസ്യമായി അപമാനിക്കാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷ ആസൂത്രിതമായി നീക്കം നടത്തിയതായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ മുൻപാകെ മൊഴികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യാത്രയയപ്പ് ചടങ്ങിലേക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷ യാദൃച്ഛികമായി വന്നതാണെന്ന വാദങ്ങളെ തള്ളുന്ന എന്തൊക്കെ മൊഴികളാണ് ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ മുൻപാകെ ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ

5061 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടയങ്ങളിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995 ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുണ്ടോ; എങ്കിൽ ഗുണഭോക്താക്കളുടെ പേര് സഹിതം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത താലൂക്കിൽ പട്ടയത്തിനായുള്ള അപേക്ഷകളിൽ തീർപ്പാക്കുവാനുള്ളവ എത്രയെന്ന് വില്ലേജ് തിരിച്ചും ഇനം തിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കുമോ?

## ഗ്രൂപ്പ് വില്ലേജുകൾ

5062 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്നും എത്രകാലമായി ഇങ്ങനെ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിൽ എപ്പോഴെങ്കിലും ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണെന്നും ആയതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ജില്ലയിൽ നിലവിലുള്ള ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ എത്ര ചെലവ് വേണ്ടി വരുമെന്നും ഈ തുക കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## ഭൂമി തരം മാറ്റൽ

5063 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റലിനായി സംസ്ഥാനത്തെ വിവിധ ആർ.ഡി. ഓഫീസുകളിൽ ലഭിച്ച അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ

സ്വീകരിക്കുമെന്ന് അറിയിക്കുമോ?

**മുനമ്പത്തെ ഭൂമി തർക്കം**

5064 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായിരുന്നതും വടക്കേക്കര വില്ലേജിലെ സർവ്വേ നമ്പർ 18/1-ൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കുഴുപ്പിള്ളി വില്ലേജിൽപ്പെട്ടതും വഖഫ് ബോർഡ് അവകാശ വാദം ഉന്നയിക്കുന്നതുമായ വസ്തുവകകൾ അബ്ദുൾ സത്താർ ഹാജി മൂസ സേട്ടിന് ലഭ്യമായത് എപ്പോഴാണെന്നും എങ്ങനെയാണെന്നും വിസ്തീർണ്ണം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) കാർഷികാവശ്യത്തിന് നൽകിയ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം അബ്ദുൾ സത്താർ ഹാജി മൂസാ സേട്ടിനോ ടിയാളുടെ അനന്തര അവകാശികൾക്കോ മുഹമ്മദ് സിദ്ദിഖ് സേട്ടിനോ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ;

(സി) കാർഷിക ആവശ്യത്തിന് കൈമാറിയ പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും ആരുടെ പേരിലാണെന്നും വ്യക്തമാക്കാമോ;

(ഡി) കാർഷിക ആവശ്യത്തിന് കൈമാറിയത് സംബന്ധിച്ച പാട്ടകരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഭൂമിയുടെ പോക്കുവരവ് നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പോക്കുവരവ് നടത്തിയതെന്നും ആരുടെ പേരിലാണ് പോക്കുവരവ് നടത്തിയതെന്നും വ്യക്തമാക്കാമോ;

(ഇ) വഖഫ് ബോർഡ് അവകാശ വാദമുന്നയിക്കുന്ന മുനമ്പത്തെ ഭൂമിയുടെ യഥാർത്ഥ കൈവശാവകാശത്തെ സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധനയോ പഠനമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രദേശത്തെ സർക്കാർ വക ഭൂമി സംബന്ധിച്ച് പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ ഭൂമി വഖഫായി എഴുതി നൽകുമ്പോൾ എത്ര കുടുംബങ്ങൾ ഈ ഭൂമിയിൽ താമസിച്ചിരുന്നെന്നും വഖഫായി എഴുതി നൽകിയതിന് ശേഷം നാളിതുവരെ എത്ര കുടുംബങ്ങൾ താമസിക്കുന്നെന്നും വ്യക്തമാക്കാമോ; കാർഷികാവശ്യത്തിന് കൈമാറിയ ഭൂമിയിൽ നിന്നും കടലെടുത്ത ഭൂമി എത്രയെന്നും കടലെടുത്ത വർഷം ഏതെന്നും വ്യക്തമാക്കാമോ;

(ജി) കാർഷികാവശ്യത്തിന് നൽകിയ ഭൂമി കടലെടുത്തതിന് ശേഷം ഈ പ്രദേശത്ത് കടൽ പിന്മാറിയതുമൂലം പിന്നീട് രൂപപ്പെട്ട ഭൂമിയുണ്ടോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും ഉടമസ്ഥാവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത ഭൂമിയുടെ കൈവശക്കാർ ആരെല്ലാമാണെന്നും അവർക്ക് ആരാണ് എഴുതി നൽകിയതെന്നും വിശദമാക്കാമോ?

**മൂച്ചിത്തറ-വെട്ടംപറമ്പ് റോഡ് നവീകരണം**

5065 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം-II വില്ലേജിനോട് ചേർന്നുള്ള 'മൂച്ചിത്തറ-വെട്ടംപറമ്പ്' റോഡ് നവീകരണത്തിന് വില്ലേജിനോട് ചേർന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് പാട്ടത്തിന് ലഭ്യമാക്കാൻ പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്ത് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് നൽകാൻ അനുമതി നൽകിയിട്ടുണ്ടോ അതോ നിരസിച്ചോയെന്ന് അറിയിക്കുമോ; സ്വീകരിച്ച നടപടിയെ സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>മണ്ണ് ഖനനം നടത്തുന്നതിന് ആവശ്യമായ അനുമതി</u>

5066 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനോ കച്ചവട വ്യവസായ ആവശ്യത്തിനോ മണ്ണ് ഖനനം നടത്തുന്നതിന് ലഭ്യമാക്കേണ്ട അനുമതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) അനധികൃതമായി മണ്ണെടുക്കുന്ന പരാതി നൽകുന്നതിന് അപേക്ഷകൻ ഏതൊക്കെ ഓഫീസുകളെയാണ് സമീപിക്കേണ്ടത് എന്നറിയിക്കാമോ; ഇത്തരത്തിൽ പരാതി ലഭിക്കുന്നപക്ഷം വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും പരാതി നൽകിയതിനുശേഷവും മണ്ണ് ഖനനം തുടരുന്ന സാഹചര്യത്തിൽ അപേക്ഷകന് നീതി ലഭിക്കുന്നതിന് എന്തൊക്കെ വഴികളാണ് ഉള്ളതെന്നും അറിയിക്കാമോ;

(സി) മണ്ണ് ഖനനം നടത്തുമ്പോൾ അടുത്തുള്ള വീടുകൾക്കും സ്വത്തിനും തകരാർ ഇല്ലാതെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(ഡി) വടകര താലൂക്കിൽ മണ്ണ് ഖനനവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്നും ഈ അപേക്ഷകളിൽ എന്നാണ് തീർപ്പ് കൽപ്പിക്കുകയെന്നും വിശദമാക്കാമോ?

## <u>ഭൂമിയുടെ തരംമാറ്റ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ നടപടി</u>

5067 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം, ജോസഫ് പുതുക്കാട്ടുകാരൻ, പൈപ്പ് ലൈൻ റോഡ്, പാലാരിവട്ടം, കൊച്ചി ടിയാന്റെ വീടിരിക്കുന്ന എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി വില്ലേജിലെ സർവ്വേ നമ്പർ 129/15A-8 ൽപ്പെട്ട ഭൂമിയുടെ തരം മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ (നം.1/2025/2340955)യിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ നിലവിൽ ആരുടെ കൈവശമാണെന്നും എത്രയും വേഗം അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) കണയന്നൂർ താലൂക്കിൽ 2024-25 സാമ്പത്തിക വർഷം എത്ര ഭൂമി തരംമാറ്റ അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം തീർപ്പ് കൽപിച്ചുവെന്നും വിശദമാക്കാമോ; തീർപ്പ് കൽപ്പിക്കുവാനുള്ള അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

## സർക്കാർ ഭൂമിയിലെ പാട്ട വ്യവസ്ഥകൾ

5068 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നും സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ വിവിധ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കാൻ നടപടി

5069 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ വിവിധ സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) സിവിൽ സ്റ്റേഷൻ കമ്മ്യൂണിറ്റി ഹാൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച് കൈക്കൊണ്ടിരിക്കുന്ന തീരുമാനം വ്യക്തമാക്കാമോ;

(സി) കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചും സിവിൽ സ്റ്റേഷൻ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസ് വാടകയ്ക്ക് പ്രവർത്തിക്കുന്നതിന് ബഹു. റവന്യൂ വകുപ്പ് മന്ത്രി നൽകിയ പ്രത്യേക ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ചും ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ തീരുമാനം എന്താണെന്നും വിശദീകരിക്കാമോ;

(ഇ) കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടം നിർമ്മിക്കാൻ കടുത്തുരുത്തി പോളിടെക്നിക് കോമ്പൗണ്ടിൽ സർക്കാർ നൽകിയ എട്ട് ഏക്കർ സ്ഥലത്തെ നിർമ്മാണ അനുമതിയുടെ തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ പൊതു കെട്ടിടം പണിയുന്നതിനുള്ള തടസ്സം വിശദീകരിക്കാമോ;

(എഫ്) അഗ്രികൾച്ചറൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി പ്രത്യേക അനുമതി നൽകിയ പ്രകാരം കടുത്തുരുത്തി പോളിടെക്നിക് കോമ്പൗണ്ടിലേക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സംവിധാനം</u>**

5070 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; അല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഓൺലൈൻ സംവിധാനം ഇല്ലാത്ത സേവനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത സേവനങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ; ആയവയ്ക്ക് മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; വിശദമാക്കാമോ?

**<u>എക്സൈസ് വകുപ്പിന് സ്ഥലം കൈമാറാൻ നടപടി</u>**

5071 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആപ്പാഞ്ചിറ ജംഗ്ഷനിൽ റെയിൽവേയ്ക്കും ബൈപ്പാസിനോടും ചേർന്നുള്ള എക്സൈസ് വകുപ്പ് വക സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റിസർവേ നമ്പർ 121/20-ൽ പ്രസ്തുത സ്ഥലം പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തിയിൽ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; ആയതിന്റെ സർവ്വേ നമ്പർ വ്യക്തമാക്കാമോ;

(ഡി) റീസർവേ റിക്കോർഡുകളിൽ പ്രസ്തുത സ്ഥലം ഏതുതരത്തിലുള്ള ഭൂമിയായിട്ടാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) സ്ഥലം എത്രയുംവേഗം അളന്ന് തിട്ടപ്പെടുത്തി എക്സൈസ് വകുപ്പിന് കെട്ടിടം പണിയുന്നതിന് കൈമാറാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ റീസർവ്വേ പ്രകാരം സർവ്വേ നമ്പർ 121/19, 121/20, 121/21 എന്നിവ അതിർത്തി തിരിച്ച് തിട്ടപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സർവ്വേ നമ്പരുകൾ റവന്യൂ രേഖകൾ പ്രകാരം വില്ലേജ് രജിസ്റ്റർ 1-ൽ

പെട്ടതാണോ; അല്ലെങ്കിൽ ഈ വസ്തു ആരുടെ കൈവശമാണെന്ന് വ്യക്തമാക്കുമോ?

## ഭൂമി തരം മാറ്റലിനുള്ള മാനദണ്ഡങ്ങൾ

5072 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റൽ ഇപ്പോൾ അനുവദിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കാസർഗോഡ്, കാഞ്ഞങ്ങാട് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷകൾ എത്രകാലമായി തീരുമാനമാകാതെ കിടക്കുന്നുവെന്നും കാലവിളംബത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## എറണാകുളം മണ്ഡലത്തിലെ ദർശന നഗർ പുനരധിവാസം

5073 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ ഇളംകുളം വില്ലേജിലെ ദർശന നഗർ പുനരധിവാസ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## റവന്യൂ വകുപ്പിൽ നിന്നും ഓൺലൈനായി വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ

5074 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും എത്രതരം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി വിതരണം ചെയ്തുവരുന്നത്; എത്ര സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ഇതുവരെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## കണ്ണൂർ ജില്ലയിലെ സർക്കാർ അധീനതയിലുള്ള ഭൂമി

5075 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയുടെ കണക്ക് താലൂക്ക്, വില്ലേജ് തിരിച്ച് പട്ടികപ്പെടുത്തി നൽകാമോ;

(ബി) നിലവിൽ പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പ്രവൃത്തികൾ നടത്തുന്നുണ്ടോ; വിശദാംശം നൽകാമോ?

## കോഴിക്കോട് ജില്ലയിലെ ഭൂമി തരംമാറ്റ അപേക്ഷകൾ

5076 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുവെക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഭൂമി തരംമാറ്റുന്നതിനായി എത്ര അപേക്ഷകൾ കോഴിക്കോട് ജില്ലയിൽ നിലവിലുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) വീടുവെക്കുന്നതിനുള്ള അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പത്ത് സെന്റിൽ കൂടുതൽ ഭൂമി കൈവശമുള്ളതും എന്നാൽ മറ്റ് ഭൂമി ഇല്ലാത്തതുമായ വീടില്ലാത്തവർക്ക് പത്ത് സെന്റിൽ മാത്രം വീട് വെക്കുന്നതിന് അനുവാദം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

5077 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

## ഭൂപരിപാലന രംഗത്ത് 'നക്ഷ' പദ്ധതി

5078 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിപാലന രംഗത്ത് നടപ്പാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും ലോകോത്തര മാതൃകകളായി അംഗീകരിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂപരിപാലന രംഗത്ത് 'നക്ഷ' പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ പഠിക്കുന്നതിനായി വിവിധ സംസ്ഥാന സംഘങ്ങൾ ഇവിടേക്കെത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കി സെറ്റിൽമെന്റ് ആക്റ്റ് നടപ്പിലാക്കുവാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## അട്ടപ്പാടിയിലെ ആദിവാസികൾ നൽകിയ പരാതി

5079 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ മന്ത്രി എന്നിവർക്ക് അട്ടപ്പാടിയിലെ ആദിവാസികൾ നൽകിയ പരാതിയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികളുടെയും ഫാമുകളുടെയും പേരിൽ ആദിവാസി ഭൂമി കയ്യേറിയെന്നാണ് പരാതിയിൽ പരാമർശിച്ചിട്ടുള്ളത്;

(സി) ചാരിറ്റബിൾ സൊസൈറ്റികളുടെയും ഫാമുകളുടെയും പേരിൽ ആധാരം ചമച്ചത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ്

ലഭ്യമാക്കുമോ?

**പരുന്തുംപാറയിൽ ഭൂമി കയ്യേറിയുള്ള നിർമ്മാണങ്ങൾ**

5080 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പരുന്തുംപാറയിൽ സർക്കാർ ഭൂമി കയ്യേറി വൻകിട നിർമ്മാണങ്ങൾ നടത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ വിഷയത്തിന്മേൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കയ്യേറ്റം സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർക്കാർ ഭൂമിയുടെ കയ്യേറ്റം തടയുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

**നെന്മാറ മണ്ഡലത്തിലെ പട്ടയ വിതരണം**

5081 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പട്ടയങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണമാണ് തീർപ്പാക്കാനുള്ളതെന്നും ആയത് എന്ന് തീർപ്പാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**അഴീക്കോട് മണ്ഡലത്തിലെ പട്ടയ വിതരണം**

5082 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകളിൽ നിലവിൽ ഏതിലെങ്കിലും തീർപ്പ് കൽപ്പിക്കാനുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

**നാട്ടുകുന്ന് പ്രദേശത്തെ കുടുംബങ്ങളുടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

5083 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് പ്രദേശത്ത് ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് കൈവശാവകാശം തെളിയിക്കുന്നതിന് പട്ടയരേഖകളോ പകർപ്പോ ആധാരങ്ങളോ ഇല്ലാത്തതിനാൽ ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ ഈ കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

5084 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് പട്ടയം നൽകിയെന്നും ഇനി എത്ര അപേക്ഷകളിൽ പട്ടയം അനുവദിക്കാനുണ്ടെന്നും വില്ലേജ് തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പട്ടയ വിതരണം

5085 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-2021 മുതൽ 2024-2025 വരെ എത്ര പേർക്കാണ് പട്ടയം അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പട്ടയം നൽകിയതിന്റെ വിശദാംശം നഗരസഭ, പഞ്ചായത്ത് എന്നിവ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ ഇനി എത്ര പേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## മണ്ഡലതല പട്ടയ അസംബ്ലി

5086 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലതല പട്ടയ അസംബ്ലിയിൽ പട്ടയം ലഭിക്കാത്ത എത്ര പേരുടെ വിഷയമാണ് ഉയർന്ന് വന്നിരുന്നതെന്ന് വ്യക്തമാക്കാമോ; അവയിൽ താലൂക്ക്, ജില്ലാ തലത്തിൽ എത്ര പേരുടെ വിഷയങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) എത്ര പേരുടെ വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇതുവരെയായി എത്രയെണ്ണം പരിഹരിച്ചു; ബാക്കിയുള്ളവ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡല തലത്തിൽ രണ്ടാം പട്ടയ അസംബ്ലി ചേരാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## തിരൂർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

5087 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ പട്ടയം ലഭിച്ച അപേക്ഷകരുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ ആരുടെയെല്ലാമാണെന്ന വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പട്ടയം നിരസിച്ചവരുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകളിൽ സർക്കാർ ഭൂമി, ദേവസ്വം ഭൂമി, സ്വകാര്യ ഭൂമി എന്നിവയ്ക്കായി നൽകിയ എത്ര അപേക്ഷകൾ ഉണ്ടെന്നും അപേക്ഷകർ ആരെല്ലാമാണെന്നുമുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## ഷൺമുഖപുരം പട്ടയം

5088 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## ഓൺലൈൻ പട്ടയം ഡാഷ്ബോർഡ്

5089 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപ്രശ്നങ്ങളാൽ പട്ടയം അനുവദിക്കാൻ കഴിയാതിരുന്ന കൈവശഭൂമികളിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കാനായി രൂപീകരിച്ച സംസ്ഥാന പട്ടയ മിഷന്റെ കീഴിലുള്ള 'ഓൺലൈൻ പട്ടയം ഡാഷ്ബോർഡിൽ' എത്ര കൈവശക്കാരുടെ അപേക്ഷകളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്; പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഡാഷ്ബോർഡിൽ ഉൾപ്പെടുത്തപ്പെട്ട കേസുകളിൽ പട്ടയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) ഡാഷ്ബോർഡിൽ ഉൾപ്പെട്ട കേസുകളിന്മേൽ പട്ടയ മിഷൻ മുഖേന ലഭിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ചുകൊണ്ട് എത്ര ഉത്തരവുകൾ/നിർദ്ദേശങ്ങൾ നാളിതുവരെയായി പുറപ്പെടുവിച്ചു; അതു വഴി എത്ര പട്ടയങ്ങൾ അനുവദിച്ചുവെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) സർക്കാർ ഉത്തരവ്/നിർദ്ദേശം മുഖേനയല്ലാതെ മറ്റു തരത്തിൽ എത്ര കേസുകൾ പരിഹരിച്ചു; അതുവഴി എത്ര പട്ടയങ്ങൾ അനുവദിച്ചു; ഇനിയും പുതിയ കേസുകൾ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തുന്നതിനായി അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടയ വിവരശേഖരണത്തിൽ സംസ്ഥാന തലത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലയും താലൂക്കും തിരിച്ച് ലഭ്യമാക്കുമോ?

**<u>പട്ടാമ്പി മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം</u>**

5090 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സമിതി രൂപീകരിക്കേണ്ടതുണ്ടോ; എങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ; പാലക്കാട് ജില്ലയിൽ പ്രസ്തുത സമിതി രൂപീകരിക്കുകയും മേൽ വിഷയത്തിൽ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ</u>**

5091 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടയ അസംബ്ലിയിൽ എത്ര അപേക്ഷകരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അപേക്ഷകരിൽ ഭൂമിയ്ക്ക് രേഖ ഇല്ലാത്ത എത്ര പേർക്ക് പട്ടയം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>ചാക്കോച്ചിറദേശം നിവാസികളുടെ പട്ടയ അപേക്ഷകൾ</u>**

5092 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് ചാക്കോച്ചിറദേശം നിവാസികളുടെ പട്ടയ അപേക്ഷകളുടെ നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കോഴിക്കോട് ജില്ലയിലെ പട്ടയം വിതരണം</u>**

5093 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ, ചെമ്പനോട, ചങ്ങരോത്ത്, നൊച്ചാട് വില്ലേജുകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ വില്ലേജുകളിൽ നിന്നും എത്ര പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് വില്ലേജിൽ കൊടുത്ത പട്ടയത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

## മങ്കട മണ്ഡലത്തിൽ പെൻഡിംഗിലുള്ള പട്ടയ അപേക്ഷകൾ

5094 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിൽ 2016 മുതൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരം വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) മങ്കട മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പെൻഡിംഗിലുള്ള പട്ടയ അപേക്ഷകളുടെ എണ്ണം എത്രയാണ്; ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രധാനമായും പട്ടയ സംബന്ധമായ പ്രശ്നങ്ങൾ നിലനിൽക്കുന്നത്; പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## പുഴകളിലെ മണ്ണും മണലും മാറ്റുന്നതിന് അനുമതി

5095 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കാലങ്ങളിൽനിന്നും വ്യത്യസ്തമായി നദികളിലെ ജലസംഭരണ ശേഷി കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിനും വെള്ളപ്പൊക്കത്തിനും ശേഷം മണ്ണും മണലും എക്കലും നിറഞ്ഞ് നദികളുടെ ആഴം കുറയുകയും ചെറിയ മഴയത്തുതന്നെ നിറഞ്ഞ് ഒഴുകുകയും പലപ്പോഴും കര കവിഞ്ഞ് ഒഴുകി വലിയ നാശനഷ്ടങ്ങൾ വരുത്തുന്നതും ചെയ്യുന്ന സാഹചര്യത്തിൽ പുഴകളിലെ മണ്ണും മണലും കർശനമായ നിയന്ത്രണങ്ങളോടെ മാറ്റുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ലക്ഷ്യങ്ങൾ

5096 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം മുകേഷ്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഏതൊക്കെ ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഡിജിറ്റലൈസ് ചെയ്ത രേഖകൾ എങ്ങനെയാണ് സൂക്ഷിക്കുന്നത്; അവയുടെ സുരക്ഷ ഉറപ്പാക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ഓൺലൈൻ പോർട്ടലിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എന്തൊക്കെ മാറ്റങ്ങളാണുണ്ടാകുന്നതെന്ന് അറിയിക്കുമോ?

## ഭൂമി തരം മാറ്റിയ ഇനത്തിൽ ലഭിച്ച ഫണ്ട്

5097 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം ഭൂമി തരം മാറ്റിയ ഇനത്തിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ ഫണ്ട് കാർഷിക അഭിവൃദ്ധിയ്ക്കായി ഉപയോഗിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഭൂമി തരംമാറ്റലിനുള്ള അപേക്ഷ അപ്പീലിന്മേലുള്ള തീരുമാനം

5098 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റത്തിന് നൽകുന്ന അപേക്ഷകൾ കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതി നിരസിക്കുന്ന പക്ഷം അപ്പീൽ സ്വീകരിച്ച് തീരുമാനം പുനഃപരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും ഇത്തരം അപേക്ഷകളിൽ തീരുമാനം എടുക്കുന്നുണ്ടോയെന്നും അറിയിക്കുമോ?

## ഏനമാവ് ജംഗ്ഷൻ വികസനത്തിന് സ്ഥലമേറ്റെടുക്കൽ

5099 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിലെ ഏനമാവ് ജംഗ്ഷൻ വികസിപ്പിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ(ബി) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് തൃശ്ശൂർ നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണാനുമതിയും അലൈൻമെന്റ് സ്കെച്ചും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മാലിപ്പുറം പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ

5100 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 7 കോടി രൂപ വകയിരുത്തിയിട്ടുള്ളതും വെർട്ടിക്കൽ ക്ലിയറൻസിൽ ഇളവ് ലഭ്യമായിട്ടുള്ളതുമായ വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## മണിക്കിണർ പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കൽ

5101 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി വിട്ട് നൽകാൻ നടപടി

5102 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് കണ്ടെത്തിയ ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മേൽ വിഷയവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് നൽകിയ കത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് കണ്ടെത്തിയ ഭൂമി പ്രസ്തുത ആവശ്യത്തിന് വിട്ട് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കാമോ?

## കരമന-വെള്ളറട റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ

5103 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-വെള്ളറട റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഭൂമി ഏറ്റെടുക്കലിനായുള്ള തുക അനുവദിക്കുന്നതിന് വകുപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ

5104 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമിയാണ് റവന്യൂ വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത എത്ര ഏക്കർ ഭൂമി ഇതുവരെ വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ചില ജില്ലകളിൽ ഏറ്റെടുത്ത ഭൂമി പദ്ധതികൾക്ക് വിനിയോഗിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(ഇ) ഇതിൽ നിന്നും എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വീതം നൽകിയെന്ന് വ്യക്തമാക്കുമോ?

## കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ

5105 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) കീഴല്ലൂർ പഞ്ചായത്തിലെ കാനാട്, കോളിപ്പാലം, നല്ലാണി മേഖലകളിൽ സർക്കാർ വിജ്ഞാപനം ചെയ്ത ഭൂമി ഏറ്റെടുക്കൽ വൈകുന്നത് കാരണം നിരവധിപേർ പ്രതിസന്ധിയിലായ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) എങ്കിൽ വർഷങ്ങളായി നിലച്ചിരിക്കുന്ന സ്ഥലമേറ്റെടുക്കലിന് ഭൂമിയുടെ ഉടമകൾക്ക് കൂടി സ്വീകാര്യമായ നഷ്ടപരിഹാര പാക്കേജ് ഏർപ്പെടുത്തൽ, പുനരധിവാസം ഉറപ്പാക്കൽ എന്നീ ആവശ്യങ്ങൾ പരിഗണിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## പാലക്കാട് ജില്ലയിലെ അതിദരിദ്ര ഭൂരഹിതർക്കുള്ള ഭൂമി വിതരണം

5106 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അതിദരിദ്രരിൽപ്പെട്ട ഭൂരഹിതരെ കണ്ടെത്തി ഭൂമി വിതരണം

ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ അതിദരിദ്രരിൽപ്പെട്ട എത്ര പേർക്കാണ് ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളതെന്ന വിവരം താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

**<u>അരൂർ മണ്ഡലത്തിലെ പുറംപോക്ക് ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് നടപടി</u>**

5107 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് കിടക്കുന്ന പുറംപോക്ക് ഭൂമി ആരോഗ്യവകുപ്പിന് കൈമാറുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മുകുന്ദപുരം താലൂക്കിലെ മലയോര കർഷകരുടെ കൈവശ ഭൂമിയുടെ ക്രയവിക്രയം</u>**

5108 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിലെ തൃശ്ശൂർ-കല്ലൂർ വില്ലേജുകളിൽ മലയോര കർഷകർക്ക് റബ്ബർ കൃഷിക്കായി വർഷങ്ങൾക്കുമുമ്പേ അനുവദിച്ച കിട്ടിയ സ്ഥലം കൈമാറുന്നതിനോ ഭൂമിയുടെ ആർ.ഒ.ആർ. ചെയ്തു കിട്ടുന്നതിനോ സമീപ വർഷങ്ങളിലായി സാധിക്കാത്തതുമൂലം കർഷർക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയിൽ പട്ടയ നിർദ്ദേശ പ്രകാരം ഇക്കാലമത്രയും റബ്ബർ കൃഷി ചെയ്ത് പോന്നതും അന്നുമുതൽ ഇക്കാലയളവുവരെ കൈവശം വച്ചിട്ടുള്ളതുമായ ഭൂവുടമകൾക്ക് ഭൂമി ക്രയവിക്രയം നടത്തുന്നതിനും ആയതിന്റെ പോക്ക് വരവ് ചെയ്തു കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>നന്തിക്കര ജി.വി.എച്ച്.എസ്.എസ്. വക സ്ഥലം കളിക്കളം നിർമ്മാണത്തിന് തരംമാറ്റൽ</u>**

5109 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പുതുക്കാട് മണ്ഡലത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്.എസ്. വക സ്ഥലം കളിക്കളം നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നൽകിയിട്ടുള്ള അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപയും ഉൾപ്പെടെ 1 കോടി രൂപ ചെലവിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത ഭൂമി തരം മാറ്റി നൽകുന്നതിന് അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ</u>**

5110 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ബാലുശ്ശേരി പറമ്പിൻ മുകളിലുള്ള വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ലഭിക്കാതെ മിനി സിവിൽ സ്റ്റേഷന്റെ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിന് പ്രസ്തുത ഭൂമിയുടെ കൈവശാവകാശം എപ്രകാരമാണ് ലഭിച്ചിട്ടുള്ളതെന്നും എന്നുമുതലാണ് ലഭിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം വകുപ്പിൽ ലഭ്യമാണോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

## പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി

5111 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ ദേവികുളം താലൂക്കിലെ കുണ്ടള സാന്റോസ് പട്ടികജാതി കോളനിയിലെ 10 പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും നൽകിയ ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) ഈ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വടക്കേക്കുളം പ്ലാന്റേഷൻ മിച്ചഭൂമി കേസ്

5112 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വടക്കേക്കുളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## വയനാട്ടിലെ മിച്ചഭൂമി

5113 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിച്ച ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ വ്യവസ്ഥയുണ്ടോ;

(ബി) മിച്ചഭൂമി കേസ് നിലനിൽക്കെ വയനാട് ജില്ലയിലെ രാജഗിരി എസ്റ്റേറ്റ് ഇന്ത്യ-യുടെ കൈവശമുണ്ടായിരുന്ന ഭൂമി വിൽപ്പന നടത്തിയതിന് അടിസ്ഥാനമായ

ചട്ടങ്ങളും വ്യവസ്ഥകളും ഏതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിൽപ്പന സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**തിരുവമ്പാടി മണ്ഡലത്തിലെ ഈങ്ങാപ്പുഴ സ്മാർട്ട് വില്ലേജ് ഓഫീസ്**

5114 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണ ഏജൻസി ആരാണെന്നും നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**നെന്മാറ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

5115 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഏതെല്ലാം സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തികളാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാത്ത എത്ര വില്ലേജ് ഓഫീസുകളാണ് മണ്ഡലത്തിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ ഓരോ വില്ലേജ് ഓഫീസിന്റെയും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണം**

5116 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കെട്ടിടനിർമ്മാണം അടക്കമുള്ള വിഷയങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ സ്ഥലം ലഭ്യമാക്കി പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

**പാലാ മണ്ഡലത്തിലെ മീനച്ചിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

5117 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മീനച്ചിൽ വില്ലേജ് ഓഫീസിൽ മഴക്കാലത്ത് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വന്തമായി സ്ഥലമുള്ള പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മഞ്ചേശ്വരം താലൂക്കിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

5118 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## ചേലക്കര മണ്ഡലത്തിലെ വില്ലേജ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

5119 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് വില്ലേജ് ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത്;

(ബി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് മുന്തിയ പരിഗണന നൽകുമോ; വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

5120 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മഞ്ചേരി മുൻസിപ്പാലിറ്റിയിലെ നറുകര വില്ലേജ് വിഭജനം

5121 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും ജോലിഭാരം കൂടുതലുള്ള വില്ലേജുകൾ വിഭജിച്ച് ഭരണസൗകര്യാർത്ഥം പുതിയ വില്ലേജുകൾ രൂപീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ നറുകര വില്ലേജ് വിഭജിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മൂഴി-മൈലം പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ

5122 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ മൂഴി-മൈലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങൾക്ക് സംരക്ഷണ വേലി

5123 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയ്ക്ക് ആവശ്യമായ സംരക്ഷണ വേലി കെട്ടണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണം

5124 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയും അതിനോട് ചേർന്നുള്ള ഏറനാട്, പെരിന്തൽമണ്ണ, തിരൂർ താലൂക്കുകളിലെ വില്ലേജുകളും ചേർത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ടീം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളും വില്ലേജുകളും വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള അപേക്ഷകൾ

5125 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 28.04.2018-ലെ ജി.ഒ.(പി)നം.7/2018/ പി.&എ.ആർ.ഡി. ഉത്തരവ് പ്രകാരം കൊല്ലം ജില്ലയ്ക്ക് കീഴിലുള്ള താലൂക്കുകളിൽ നിന്ന് 01.01.2019 മുതൽ 31.01.2025 വരെ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള എത്ര അപേക്ഷകൾ ആശ്രിത സർട്ടിഫിക്കറ്റ് സഹിതം കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരുടെ പേരും മേൽവിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

## നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരണം

5126 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന് പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റം ലഭിച്ചതിനെത്തുടർന്നുള്ള യാത്രയയപ്പ് ചടങ്ങിലേക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന പി.പി. ദിവ്യയെ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചടങ്ങിൽ പി.പി. ദിവ്യ നവീൻ ബാബുവിനെതിരെ ഗുരുതര അഴിമതി ആരോപണം ഉന്നയിച്ചശേഷം ആയതിന്റെ വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ചടങ്ങിന്റെ വീഡിയോ ചിത്രീകരിച്ചതിനെ റവന്യൂ ഉദ്യോഗസ്ഥരോ കളക്ടറോ തടയാഞ്ഞതിന്റെ കാരണം വിശദമാക്കാമോ; ആയത് വീഴ്ചയല്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ സർവ്വേ നടപടികൾ

5127 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടി ഏതൊക്കെ വില്ലേജുകളിൽ പുരോഗമിക്കുന്നുവെന്നും, അടുത്തഘട്ടത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകൾ ഏതൊക്കെയാണെന്നുമുള്ള വിവരം അറിയിക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ സർവ്വേ നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ?

## കോഴിക്കോട് ജില്ലയിലെ ഡിജിറ്റൽ സർവ്വേ

5128 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡിജിറ്റൽ സർവ്വേയിൽ ഭൂമി കുറവുള്ളതായി കണ്ടവർക്ക് പുനഃപരിശോധന നടത്തുന്നതിന് അപേക്ഷ നൽകാൻ വ്യവസ്ഥയുണ്ടോ;

(സി) ഡിജിറ്റൽ സർവ്വേയിൽ അധികമായി കണ്ടെത്തിയ ഭൂമി കൈവശക്കാരന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ പൗരന്മാർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് പുതുതായി ലഭ്യമാവുക എന്നതു സംബന്ധിച്ച് വിശദീകരിക്കാമോ?

**<u>തിരൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വെ</u>**

5129 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ നിലവിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകൾ ഏതെല്ലാമാണെന്നും ബാക്കിയുള്ള വില്ലേജുകളിൽ എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ;

(ബി) ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ അതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ</u>**

5130 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളും പദ്ധതികളുമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായി എന്നും പൂർത്തിയാകാത്ത വില്ലേജുകളിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകൾ</u>**

5131 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>നെന്മാറ മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വെ</u>**

5132 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവ്വെ</u>**

5133 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽ നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വെയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**<u>മണലൂർ മണ്ഡലത്തിലെ റീസർവ്വെ നടപടികൾ</u>**

5134 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ റീസർവ്വെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പുരോഗമിക്കുന്നുവെന്നും പ്രസ്തുത സർവ്വെ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ ആരംഭിക്കാനുണ്ടെന്നും മണ്ഡലത്തിലെ മുഴുവൻ റീസർവ്വെ നടപടികളും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ</u>**

5135 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്;

(ബി) പ്രസ്തുത ജില്ലയിൽ ഇപ്പോൾ ഡിജിറ്റൽ റീസർവ്വേ നടന്നുകൊണ്ടിരിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണ്;

(സി) അടുത്ത ഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ റീസർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ഡി) ഡിജിറ്റൽ റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ റീസർവ്വെ നടപടികൾ</u>**

5136 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വെ നടപടികൾ പൂർത്തിയായതെന്ന് വ്യക്തമാക്കാമോ;

(ബി) റീസർവ്വെയിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് കാലതാമസം എടുക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി

5137 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറംപോക്കിൽ അൺസർവ്വേ ലാന്റിൽ എത്രപേർ താമസിക്കുന്നുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത അൺസർവ്വേ ലാന്റിൽ താമസിക്കുന്ന എത്ര പേർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അൺസർവ്വേ ലാന്റിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഗുരുവായൂർ മണ്ഡലത്തിലെ കടൽ പുറമ്പോക്കിൽ അൺസർവ്വേ ലാന്റിൽ നിന്നും പൊതു ആവശ്യത്തിന് ഭൂമി ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഭവനനിർമ്മാണ ബോർഡ് ലാഭകരമാക്കുന്നതിന് നടപടി

5138 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ വാടക ഇനത്തിലും മറ്റ് കൺസൾട്ടൻസി ഇനത്തിലുള്ള തുകകൾ പിരിച്ചെടുക്കാത്തതിനാൽ നഷ്ടം നേരിടുന്നതായ സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(ബി) ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ പെട്രോൾ, ഡീസൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്ന പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) നിലവിൽ ബോർഡിന്റെ സഞ്ചിത നഷ്ടം എത്രയാണ്; ബോർഡ് ലാഭകരമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികളെയും, സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെയും സംബന്ധിച്ച് വിശദമാക്കുമോ?

## ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക

5139 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഭവന നിർമ്മാണ ബോർഡിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്കരണം അവസാനമായി നടപ്പാക്കിയത് എന്നാണ്; പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള പെൻഷൻ പരിഷ്കരണം ഭവന നിർമ്മാണ ബോർഡിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>അട്ടപ്പാടിയിലെ പരിധിയിൽ കവിഞ്ഞ ഭൂമിയുടെ രജിസ്ട്രേഷൻ</u>

5140 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ മൂലഗംഗൽ, വെള്ളകുളം, വെച്ചപ്പതി എന്നീ ആദിവാസി പ്രകൃതികളിലെ ഭൂമി ഉൾപ്പെടെ ഷോളയൂർ വില്ലേജിൽ വൻതോതിൽ ഭൂമി രജിസ്ട്രേഷൻ നടന്നിട്ടുള്ളതായി രജിസ്ട്രേഷൻ വകുപ്പു മന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കോയമ്പത്തൂർ സ്വദേശിയായ ഉമശേഖർ, സനാതന ട്രസ്റ്റ് ചാലക്കുടി, നവനിർമ്മാണം എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി, ആബിൻവില്ല എന്നീ പേരുകളിൽ എത്ര ഏക്കർ ഭൂമിയുടെ രജിസ്ട്രേഷനാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പരിധിയിൽ കൂടുതൽ ഭൂമി രജിസ്ട്രേഷൻ നടത്താനും കൈവശം വെയ്ക്കാനും ഇവർക്ക് സർക്കാർ ഇളവുകളെന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇളവുകൾ ഇല്ലാതെ അട്ടപ്പാടിയിൽ പരിധിയിൽ കവിഞ്ഞ ഭൂമി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിന് ഇവർക്ക് കഴിയുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ചാരിറ്റബിൾ സൊസൈറ്റികൾക്ക് റിയൽ എസ്റ്റേറ്റ് ഇടപാട് നടത്തുന്നതിന് നിലവിലെ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇതു സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് നിയമനടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

## <u>ആധാരം രജിസ്റ്റർ ചെയ്യാൻ അനുമതി</u>

5141 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ പാറത്തോട് ഗ്രാമപഞ്ചായത്തിലെ 85-ാം നമ്പർ അംബേദ്കർ നഗറിലെ ഭൂരഹിതരായ 20 പട്ടികജാതി കുടുംബങ്ങൾക്കും കാഞ്ഞിരപ്പള്ളി ഗ്രാമപ്പഞ്ചായത്തിലെ ആലംപരപ്പ് നഗറിലെ ഭൂരഹിതരായ ജനറൽ വിഭാഗത്തിൽപ്പെട്ട 64 കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 29 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 കുടുംബങ്ങൾക്കും നൽകുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ സ്ഥലം ഗുണഭോക്താക്കളുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്ത്

നൽകുന്നതിനുള്ള അനുമതിയ്ക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം

5142 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ 2024 വർഷത്തിലെ ഓൺലൈൻ സ്ഥലംമാറ്റ പട്ടികയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ ഏതെല്ലാം ജീവനക്കാർ ഉൾപ്പെട്ടിരുന്നുവെന്നും, അതിൽ അന്തിമ ഉത്തരവിൽ ആർക്കെല്ലാം സ്ഥലംമാറ്റം അനുവദിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ഏതെല്ലാം ജീവനക്കാരാണ് നിലവിൽ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ തന്നെ ജോലി ചെയ്യുന്നതെന്നും പ്രസ്തുത ജീവനക്കാരെ സ്ഥലംമാറ്റം സംബന്ധിച്ച ഏതൊക്കെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് കരട് പട്ടികയിൽ നിന്നും ഒഴിവാക്കിയതെന്നും വിശദമാക്കാമോ;

(സി) രജിസ്ട്രേഷൻ ഐ.ജി.യുടെ കാര്യാലയത്തിൽ ഏഴ് വർഷത്തിലധികമായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ജീവനക്കാരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർ സ്ഥലം മാറ്റത്തിനെതിരായി അപ്പീൽ സമർപ്പിച്ചിരുന്നെങ്കിൽ ആയതിൽ വ്യക്തമാക്കിയ കാരണങ്ങളും, അവ രജിസ്ട്രേഷൻ ഐ.ജി. പരിഗണിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കാമോ;

(ഇ) രജിസ്ട്രേഷൻ ഐ.ജി.യുടെ കാര്യാലയത്തിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി-യുടെ തകരാർ പരിഹരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് നാളിതുവരെ അപേക്ഷ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; മേൽ വിഷയത്തിൽ വീഴ്ച വരുത്തി വകുപ്പിലെ ജീവനക്കാരുടെ അർഹമായ ആനുകൂല്യങ്ങൾ തടയുന്നതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) രജിസ്ട്രേഷൻ വകുപ്പിൽ 2025 ഫെബ്രുവരി വരെ ജില്ലാ രജിസ്ട്രാർ, സബ് രജിസ്ട്രാർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നാളിതുവരെ പ്രമോഷൻ വഴി നികത്താത്തത് എന്തുകൊണ്ടാണെന്നുമുള്ള വിവരം വ്യക്തമാക്കുമോ?

## രജിസ്ട്രാർ ഓഫീസുകളിൽ ജനകീയ സമിതികൾ

5143 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ ഘടന എപ്രകാരമാണെന്ന് വിശദമാക്കാമോ?

## അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന ചാരിറ്റബിൾ സൊസൈറ്റികൾ

5144 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന ചാരിറ്റബിൾ സൊസൈറ്റികളായ ചാലക്കുടി സനാതനധർമ്മ ട്രസ്റ്റ്, പാലാരിവട്ടം നവജീവൻ ചാരിറ്റബിൾ ട്രസ്റ്റ്, അട്ടപ്പാടി ഫാംസ് ആൻഡ് ബ്രീഡേഴ്സ്, ഗംഗൽ ഫാംസ് ലിമിറ്റഡ്, ജാൻ ഫാംസ് ആൻഡ് ബ്രീഡേഴ്സ്, എ.ബി.ഐ. ഫാംസ്, കോട്ടത്തറ അഗ്രി ഫാമിങ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ എത്ര ഏക്കർ ഭൂമി ഏതെല്ലാം വില്ലേജുകളിൽ വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അവയിൽ ഏതെല്ലാം സൊസൈറ്റികൾ സ്ഥലം മറിച്ചുവിറ്റിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## തെയ്യം മ്യൂസിയം

5145 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പിള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ആസ്തികൾ

5146 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ആസ്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആസ്തികളുടെ സമീപം ടൂറിസം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
12-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].